# 4

# ഓട്ടം തികയ്ക്കുവാൻ ഉള്ള അപേക്ഷ

## (2 തിമൊഥെയൊസ് 4)

*"നീയോ, സകലത്തിലും നിർമ്മദൻ ആയിരിക്ക, കഷ്ടം സഹിക്ക, സുവിശേഷകന്റെ പ്രവൃത്തി ചെയ്ക, നിന്റെ ശുശ്രൂഷ നിറപടിയായി നിവർത്തിക്ക" (2 തിമൊഥെയൊസ് 4:5).*

പൗലൊസിനെ പോലെ ഒരു നിലവാരം - സൂക്ഷിക്കുന്നവൻ (1 കൊരിന്ത്യർ 11:1) തന്റെ നിത്യതയിലേക്കുള്ള നാളുകൾ എണ്ണപ്പെട്ടിരിക്കുന്നു എന്നറിയുമ്പോൾ, തന്റെ പദപ്രയോഗമെല്ലാം കൂടുതൽ ശക്തിസ്ഫുരിക്കുന്നതാകുന്നു. തന്റെ ലേഖനം അവസാനിപ്പിക്കുമ്പോൾ പൗലൊസ് തീർച്ചയായും ഉത്തരവാദിത്ത ബോധം ഉള്ളവനായി കാണുന്നുണ്ട്.

ഒരു ആജ്ഞയുമായിട്ടാണ് അദ്ധ്യായം 4 ആരംഭിക്കുന്നത്, ആ ആജ്ഞയ്ക്കു പൗലൊസ് പല കാരണങ്ങളും പറയുന്നുണ്ട് (4:1-8). തന്റെ പുറപ്പെടൽ അടുത്തിരിക്കുന്നതുകൊണ്ടു വർദ്ധിച്ച വികാരത്തോടെ, തന്റെ പ്രിയ തിമൊഥെയൊസിന്റെ സഹവർത്തിത്തം അവൻ അതിയായി ആഗ്രഹിച്ചിരുന്നു (4:9-13). എങ്ങനെയായാലും, ക്രൂശിന്റെ ഈ വൃദ്ധഭടന്റെ ജ്വലിക്കുന്ന വിശ്വാസം സ്വാധീനിച്ചിരുന്നു. ഈ നിർണ്ണായക നിമിഷത്തിലും അവന്റെ വിശ്വാസം വലുതാണെന്നു തിമൊഥെയൊസ് തിരിച്ചറിയണമെന്നു പൗലൊസ് ആഗ്രഹിച്ചു. പ്രതികൂലങ്ങളിൽ പോലും വിജയപ്രകടനം ഏറ്റവും പ്രധാനപ്പെട്ടതായി പൗലൊസ് ഇവിടെ പറയുന്നുണ്ട് (4:18). അദ്ധ്യായം 4 ലെ പ്രധാന ഉപസംഹാര പരാമർശങ്ങളിൽ വ്യക്തിത്വമനോഭാവങ്ങളും അപേക്ഷകളും നല്കുന്നതു തിമൊഥെയൊസിനെ ആഴത്തിൽ സ്പർശിക്കുകയുണ്ടായി (4:19-22).

### പാഠം 10: സൂക്ഷിക്കേണ്ട ഒരു ആജ്ഞ (4:1-8)

പൗലൊസ് ഈ "ആജ്ഞ," നല്കുമ്പോൾ അതിന്റെ കാരണം, *നിഷേധമായ* കാഴ്ച്ചപ്പാടിൽ നിന്നു, പൗലൊസ് തിമൊഥെയൊസിനോടു പറയുന്നതു അന്ത്യകാലത്തു ആളുകൾ തെറ്റിനെയും പരാജയ ത്തെയും പിന്തുടരും എന്നാണ് (3:1-9). *ക്രിയാത്മക* വീക്ഷണത്തിൽ പൗലൊസ്

തിമൊഥെയൊസിനെ കാണിച്ചു കൊടുക്കുന്നത്, അവൻ "സകല സൽപ്ര വൃത്തിക്കും" വക പ്രാപിച്ചു തികഞ്ഞവനായി എന്നാണ് (3:10–17).

പൗലൊസ് തിമൊഥെയൊസിനോടു പറഞ്ഞു തുടങ്ങുന്നത്, "ഞാൻ സത്യം ചെയ്തു കല്പിക്കുന്നു" എന്നു പറഞ്ഞുകൊണ്ടാണ് (4:1). താഴെ പറയുന്ന വാക്കുകളെ കുറിച്ചു തനിക്കു എത്ര മാത്രം ബന്ധവും താല്പ ര്യവുമുണ്ടെന്നു, പൗലൊസ് പറയുന്ന വ്യക്തിത്വങ്ങളും വാക്കുകളും വ്യ ക്തമാക്കുന്നു. സുവിശേഷകാ, നിങ്ങൾക്ക് എപ്പോഴെങ്കിലും കേൾക്കണ മെന്നുണ്ടെങ്കിൽ, *അത് ഇപ്പോൾ തന്നെ*!

**കല്പനയുടെ ഔചിത്യം (വാ. 1)**

ദൈവിക വ്യക്തിത്വങ്ങളും മുൻഗണനകളും ഉപയോഗിച്ചുകൊണ്ടു കല്പനയുടെ ഔചിത്യം പൗലൊസ് ചിത്രീകരിച്ചിരിക്കുന്നു. "ദൈവ സന്നി ധിയിൽ" ആണ് ആദ്യം, പൗലൊസ് കല്പിക്കുന്നത് (4:1), സ്വർഗ്ഗ ത്തിന്റേയും ഭൂമിയുടേയും കർത്താവായ, സർവ്വശക്തനാണ്, യഹോവ. ദൈവ സന്നിധിയിൽ നിന്നു വരുന്ന ഏതൊരു സന്ദേശവും ഗൗരവ ത്തോടെ ശ്രദ്ധിക്കണമെന്നും, സഹകരണ വിചാരത്തോടെ കണക്കാക്കി, അനുസരണത്തോടെ പ്രായോഗികമാക്കണമെന്നും, സമർപ്പണ താല്പ ര്യത്തോടെ പങ്കിടണമെന്നും തിമൊഥെയൊസിനു അറിയാമായിരുന്നു.

എങ്ങനെയായാലും, പൗലൊസിന്റെ കല്പന "ക്രിസ്തുയേശു" വി നെയും ഉൾപ്പെടുത്തിക്കൊണ്ടായിരുന്നു. അവന്റെ അധികാര പത്രവും ഭയങ്കരമായിരുന്നു. വാക്യം 1 ന്റെ സന്ദർഭത്തിൽ, അവനെ മൂന്നു നിമിഷ ങ്ങളിൽ അല്ലെങ്കിൽ സംഭവങ്ങളിൽ ബന്ധപ്പെടുത്തിയിരിക്കുന്നു:

1. ഉച്ചസ്ഥാനത്തെ നിമിഷം – ക്രിസ്തു "ജീവനുള്ളവരെയും മരിച്ച വരെയും ന്യായം വിധിക്കും." അത് അവന്റെ അവകാശവും, അവനു അതിന്റെ ഉപകരണങ്ങളും ഉണ്ട് (യോഹന്നാൻ 12:48; എബ്രായർ 4:12, 13; വെളിപ്പാട് 2:12; 3:14; 20:11–15).

2. വശീകരിക്കുന്ന ഗാംഭീര്യം – ക്രിസ്തു പ്രത്യക്ഷനാകും. പൗലൊസ് എഴുതി, "കർത്താവു താൻ ഗംഭീര നാദത്തോടും, പ്രധാന ദൂതന്റെ ശബ്ദ ത്തോടും ദൈവത്തിന്റെ കാഹള നാദത്തോടും കൂടെ, സ്വർഗ്ഗത്തിൽ നിന്നു ഇറങ്ങി വരികയും; ക്രിസ്തുവിൽ മരിച്ചവർ മുമ്പെ ഉയിർത്തെഴു ന്നേല്ക്കുകയും ചെയ്യും. പിന്നെ ജീവനോടെ ശേഷിക്കുന്ന നാം അവ നോടു ഒരുമിച്ചു ആകാശത്തിൽ കർത്താവിനെ എതിരേല്പാൻ മേഘ ങ്ങളിൽ എടുക്കപ്പെടും, ഇങ്ങനെ നാം എപ്പോഴും കർത്താവിനോടുകൂടെ ഇരിക്കും" (1 തെസലൊനിക്യർ 4:16, 17).

"പ്രത്യക്ഷത"[1] എന്ന ഗ്രീക്ക് വാക്കിന്റെ പ്രത്യേകതയെ വില്യം ബാർക്ക്ലേ നിരീക്ഷിക്കുകയുണ്ടായി:

> ചക്രവർത്തി ഏതൊരു സ്ഥലം സന്ദർശിക്കുന്നതും അതു അവന്റെ *എപിഫാനിയ* ആണ്. തീർച്ചയായും ചക്രവർത്തി സന്ദർശിക്കുന്ന ഏതു സ്ഥലത്തും, കാര്യങ്ങളെല്ലാം തികച്ചും ക്രമമാകും. വീഥി കൾ എല്ലാം അടിച്ചുവാരി മോടി പിടിപ്പിക്കും; എല്ലാ പ്രവൃത്തി കളും തീർത്തു – തന്നെ – വെക്കും. ടൗണുകളെല്ലാം തേച്ചു മിനു

> ക്കുകയും അലങ്കരിക്കുകയും ചെയ്തു ചക്രവർത്തിയുടെ *എപിഫാനിയ*യ്ക്കു യോജിച്ചതാക്കും; അതുകൊണ്ടു പൗലൊസ് തിമൊഥെയൊസിനോടു പറയുന്നു: "ചക്രവർത്തിയുടെ *എപിഫാനിയ* ഏതെങ്കിലും ടൗണിലേക്കു വരുന്നതു നിനക്ക് അറിയാമല്ലൊ; *നീ* ക്രിസ്തുവിന്റെ *എപിഫാനിയ*ക്കായി കാത്തിരിക്കുകയാണല്ലൊ. അവൻ എപ്പോൾ വന്നാലും നിന്റെ പ്രവൃത്തികളെല്ലാം തീർത്തു നീ ഒരുങ്ങിയിരിക്കണം." അതുപോലെ ഒരു ക്രിസ്ത്യാനി എപ്പോഴും തന്റെ ജീവിതം ക്രിസ്തുവിന്റെ വരവിനായി ഒരുക്കി പൂർത്തിയാക്കിയിരിക്കണം.[2]

3. പരിപൂർണ്ണതയിൽ കണ്ടുമുട്ടൽ – "അവന്റെ പ്രത്യക്ഷതയും രാജ്യവും" കാരണം ക്രിസ്തുവിനെ എല്ലാവരും അറിയും. ഇവിടെ ചേർത്തിരിക്കുന്ന "അവന്റെ രാജ്യം" എന്ന പ്രയോഗം അവന്റെ വരവിന്റേയും ന്യായവിധിയുടേയും സമയത്തെ ആസ്പദമാക്കിയായിരിക്കും. അവന്റെ ഇടകലർന്ന തർജിമയിൽ, ആൽഫ്രെഡ് മാർഷൽ ന്യായവിധിയെ സംബന്ധിച്ച് ഈ പദപ്രയോഗം ഉപയോഗിച്ചു: മരിച്ചവരെയും ജീവിക്കുന്നവരെയും "ന്യായം വിധിക്കുന്നവനെ സംബന്ധിച്ച് [ഏകൻ] ആണ് " (ഗ്രീക്ക്.: *ടൗമെല്ലോമ് റ്റൊസ്ക്രിനെയിൻ*).[3]

മാർഷൽ ഗ്രീക്ക് പുസ്തകം ശരിയായി തർജ്ജിമ ചെയ്തു, എന്നാൽ നാം ക്രമമനുസരിച്ചല്ലാതെ കാലനിർണ്ണയമനുസരിച്ചു ചിന്തിക്കുക*യാണെങ്കിൽ* അത് നമുക്ക് ഒരു പ്രശ്നമായിത്തീരും. കാലനിർണ്ണയമനുസരിച്ചു, *ജീവനുള്ളവരെയും മരിച്ചവരെയും ന്യായം വിധിക്കുവാൻ* അവൻ ആരംഭിക്കുകയോ ഇതുവരെ *പ്രത്യക്ഷനാ*യിട്ടോ ഇല്ല. അതുകൊണ്ട്, ഏതു അർത്ഥത്തിലാണ് "ന്യായം വിധിക്കുവാനാണ്" എന്നതു യോജിക്കുന്നത്? ക്രമം അനുസരിച്ചു അതു യോജിക്കുന്നു. എബ്രായർ 9:27 പറയുന്നു, "ഒരിക്കൽ മരണവും പിന്നെ ന്യായവിധിയും മനുഷ്യർക്കു നിശ്ചയിച്ചിരിക്കുന്നു." എബ്രായ ലേഖകൻ ഇതെഴുതിയതുകൊണ്ട്, ദശലക്ഷക്കണക്കിനു ആളുകൾ മരിച്ചുപോയെങ്കിലും ന്യായവിധി വന്നിട്ടില്ല എന്നു നമുക്ക് എല്ലാവർക്കും അറിയാം! കാലനിർണ്ണയ പ്രകാരം, അതു തെറ്റിദ്ധാരണയുണ്ടാക്കാം; എന്നാൽ ഒരു പിന്തുടർച്ചാ പ്രസ്താവനയായി, അതിനർത്ഥമുണ്ട്. മരണശേഷം നടക്കുന്ന സംഭവം ന്യായവിധിയാണ്.

ക്രിസ്തുവിന്റെ മടങ്ങിവരവു അതുപോലെയായിരിക്കും. അവൻ പ്രത്യക്ഷനാകുമ്പോൾ, അവൻ രണ്ടുകൂട്ടരേയും വിധിക്കും (എബ്രായർ 10:30; 1 പത്രൊസ് 4:17; വെളിപ്പാട് 20:11–15) രാജ്യം ലഭിക്കുവാനും, സഭ അവനിലേക്കു ഏല്പിക്കുവാനും (എഫെസ്യർ 5:15–27; 1 തെസലൊനിക്യർ 2:12; 4:16–18), ആ ആത്മാക്കളെ (ആ രാജ്യം) പിതാവിനു ഏല്പിച്ചു കൊടുക്കും. 1 കൊരിന്ത്യർ 15:24–28–ൽ നാം വായിക്കുന്നു,

> പിന്നെ അവസാനം, അന്നു അവൻ എല്ലാ വാഴ്ച്ചക്കും അധികാരത്തിനും ശക്തിക്കും നീക്കം വരുത്തീട്ടു, രാജ്യം പിതാവായ ദൈവത്തെ ഏല്പിക്കും. അവൻ സകല ശത്രുക്കളെയും കാൽക്കീഴാക്കുവോളം വാഴേണ്ടതാകുന്നു. ഒടുക്കത്തെ ശത്രുവായിട്ടു മരണം

നീങ്ങിപ്പോകും. സകലത്തെയും അവന്റെ കാൽകീഴാക്കിയിരിക്കുന്നു എന്നുണ്ടല്ലോ. എന്നാൽ "സകലവും അവനു കീഴ്പ്പെട്ടിരിക്കുന്നു," എന്നു പറഞ്ഞാൽ, സകലത്തെയും കീഴാക്കിക്കൊടുത്തവൻ ഒഴികയത്രേ എന്നു സ്പഷ്ടം. എന്നാൽ അവന്നു സകലവും കീഴ്പ്പെട്ടുവന്നശേഷം, ദൈവം സകലത്തിലും സകലവും ആകേണ്ടതിനു, പുത്രൻ താനും സകലവും തനിക്കു കീഴാക്കികൊടുത്തവനു കീഴ്പ്പെട്ടിരിക്കും.

രാജ്യം വന്നിട്ടില്ല എന്നു പറയുന്നവരുടെ തെറ്റായ ആശയത്തെ വ്യക്തമാക്കുന്നതാണ് ആ വാക്കുകൾ!

യേശു പ്രത്യക്ഷനാകുമ്പോൾ, ദൈവപദ്ധതി "അവസാനിപ്പിക്കുമെന്നും" രാജ്യത്തിലുള്ള നാം ആ മഹത്തായ നിമിഷത്തിനുവേണ്ടി അവനെ മുഖാമുഖമായി കാണുവാനും കാത്തിരിക്കയാണ്, എന്നത്രേ പൗലൊസ് എഴുതിയത്. ആ അനുകൂലാവസരം മുതലാണ് – ദൈവത്തിന്റെയും, ക്രിസ്തുവിന്റെയും, സ്ഥാനവും അവന്റെ പ്രത്യക്ഷതാ നാഴികയും ന്യായവിധിയും – ഓർപ്പിച്ചുകൊണ്ട് പൗലൊസ് തിമൊഥെയൊസിനോടു കല്പിക്കുന്നത്:

വചനം പ്രസംഗിക്ക; സമയത്തിലും അസമയത്തിലും ഒരുങ്ങി നില്ക്ക; സകല ദീർഘക്ഷമയോടും ഉപദേശത്തോടും കൂടെ, ശാസിക്ക, തർജ്ജനം ചെയ്ക, പ്രബോധിപ്പിക്ക. അവർ പത്ഥ്യോപദേശം പൊറുക്കാതെ കർണ്ണരസമാകുമാറു സ്വന്ത മോഹങ്ങൾക്കൊത്തവണ്ണം ഉപദേഷ്ടാക്കന്മാരെ പെരുക്കുകയും സത്യത്തിനു ചെവി കൊടുക്കാതെ കെട്ടുകഥ കേൾപ്പാൻ തിരികയും ചെയ്യുന്ന കാലം വരും; ... നീയോ, സകലത്തിലും നിർമ്മദൻ ആയിരിക്ക, കഷ്ടം സഹിക്ക, സുവിശേഷകന്റെ പ്രവൃത്തി ചെയ്ക, നിന്റെ ശുശ്രൂഷ നിറപടിയായി നിവർത്തിക്ക (4:2–5).

## കല്പനയിലെ പദ്ധതിയും നടപടിയും (വാ. 2)

ഈ കല്പനയുടെ പദ്ധതി ചിന്തോ – ദീപകമാണ്. സന്ദേശം വ്യക്തമായി തിരിച്ചറിയിച്ചിരിക്കുന്നു. സുവിശേഷകൻ "വചനം പ്രസംഗിക്കണം."[4] വചനം പ്രസംഗിക്കേണ്ട പ്രാധാന്യത്തെ കൂടുതൽ ഊന്നി പറയുന്നതു അസാധ്യമാണ്. പൗലൊസ് പറഞ്ഞു, "ദൈവത്തിന്റെ ജ്ഞാനത്തിൽ ലോകം ജ്ഞാനത്താൽ ദൈവത്തെ അറിയായ്ക കൊണ്ടു, പ്രസംഗത്തിന്റെ ഭോഷത്വത്താൽ രക്ഷിപ്പാൻ ദൈവത്തിനു പ്രസാദം – തോന്നി" (1 കൊരിന്ത്യർ 1:21).

തിമൊഥെയൊസ് വചനം പ്രസംഗിക്കുവാൻ "സമയത്തിലും അസമയത്തിലും ഒരുങ്ങി[5] നില്ക്കേണ്ടിയിരുന്നു" (4:2). സുവിശേഷകന്റെ ഭാഗത്തു നിന്നു ആത്മാർത്ഥതയില്ലായ്മയോ, ഉത്തരവാദിത്വമില്ലായ്മയോ വരുവാൻ പാടില്ല.

"സമയത്തിലും അസമയത്തിലും" എന്ന പ്രയോഗം കാർഷികമാണ്.

ചെടികൾ നടുവാനും കൊയ്യുവാനും ഉള്ള സമയത്തെ കാലാവസ്ഥ അതിനെ പരിമിതപ്പെടുത്തിയേക്കാം. വചനം പ്രസംഗിക്കുന്ന തിനു കാലപരിധിയില്ല എന്നതാണ് പൗലൊസ് ഊന്നി പറയുന്നത്. തിമൊഥെയൊസ് എല്ലാ അവസരങ്ങളിലും, സത്യം അറിയിക്കുവാൻ "ഒരുങ്ങി ഇരിക്കണം."

ദൈവിക സന്ദേശത്തിന്റെ ദൂരവ്യാപക സ്വാധീനങ്ങളും വിവിധ സമീപനങ്ങളും വ്യക്തമാക്കുന്നതാണ് വചനം പ്രസംഗിക്കുന്ന രീതി.

"തർജ്ജനം."[6] പ്രസംഗം ചിലരെ തിരുത്തുവാനാണ്. അതിന്റെ തത്വങ്ങൾ തെളിയിക്കപ്പെട്ട സത്യങ്ങളാണ്. ഒരാളുടെ ഗതി തിരുത്തുന്ന മാധ്യമമാണ് അത് (നോക്കുക 1 പത്രൊസ് 1:6, 7; റോമർ 3:4).

"ശാസന."[7] ഈ പ്രസംഗം മുന്നറിയിക്കുവാനാണ്. നാം എടുക്കേണ്ട ഒരു സമീപനത്തെ കാണിക്കുന്നതാണ് "തർജ്ജനം" എന്നാൽ, "ശാസന" ആവശ്യമെങ്കിൽ ശിക്ഷയും അന്തർലീനമായിരിക്കും.

"പ്രബോധനം."[8] ശരിയായ ദിശയിലേക്കു നമ്മെ വലിച്ചിഴക്കുന്ന അപേക്ഷ നല്കുന്നതാണ് ഈ പ്രസംഗം. വിവിധ ആവശ്യങ്ങൾ നിറവേറ്റുവാൻ പല പ്രായോഗിക സാധ്യതകളും ഉള്ള വിശാലമായ അർത്ഥമുള്ള, മനോഹരവാക്കാണ് അത്. കേൾവിക്കാരിൽ ഒരാൾ അപേക്ഷ സ്വീകരിക്കും, വേറൊരാൾക്കു പ്രോത്സാഹനം ആവശ്യമാണ്, മറ്റൊരാൾക്ക് ഉപദേശം ആയിരിക്കാം ആവശ്യം. സുവിശേഷത്തിന്റെ വിസ്തൃതമായ പ്രബോധനങ്ങൾ എല്ലാവരുടേയും ആവശ്യങ്ങൾ നിറവേറ്റുവാൻ കഴിവുള്ളതാണ്.

"ദീർഘക്ഷമയോടുകൂടെ." സേവിക്കുന്നതിൽ ക്ഷമാശീലം ഉൾപ്പെട്ടിരിക്കുന്നതായിരിക്കണം പ്രസംഗം. പൗലൊസ് പറഞ്ഞിരിക്കുന്നതു "സകല ദീർഘക്ഷമയോടും കൂടെ" ശാസിക്കയും, തർജ്ജനം ചെയ്യുകയും, പ്രബോധിക്കയും ചെയ്യുവാനാണ്. അതുകൊണ്ട്, പ്രാസംഗികൻ പ്രസംഗിക്കേണ്ടതു അടക്കത്തോടും ദീർഘക്ഷമയോടും കൂടെയാണ്.

"ഉപദേശം." പ്രസംഗം ഉപദേശത്താലാണ് വ്യക്തമാക്കുന്നതും ബോധ്യപ്പെടുത്തുന്നതും. ഇതു ഒരു പ്രാസംഗികൻ പ്രസംഗ യോഗ്യതയുള്ളവനായിരിക്കുക മാത്രമല്ല, ക്രിസ്തുവിന്റെ ഉപദേശത്തെ പഠിപ്പിക്കുവാൻ കഴിവുള്ളവനും ആയിരിക്കണം എന്നാണ് വ്യക്തമാക്കുന്നത്!

*തന്നെത്തന്നെ സമയാസമയങ്ങളിൽ പരിശോധിക്കുന്ന സുവിശേഷകൻ നന്നായി വരും. തന്റെ പ്രസംഗത്തിൽ ഇവയെല്ലാം ഉണ്ടോ എന്നു അവൻ തീർച്ചയാക്കുകയും അവൻ ക്ഷമാശീലം പ്രകടിപ്പിക്കയും ചെയ്യും!*

### കല്പനയെ സംബന്ധിച്ച പ്രശ്നം (വാ. 3, 4)

വചനം നിരന്തരമായി പ്രസംഗിക്കുവാൻ തിമൊഥെയൊസിനോടു കല്പിക്കയായിരുന്നു. ആളുകൾ സത്യം കേൾക്കുവാൻ താല്പര്യപ്പെടാത്തതുകൊണ്ട് ആളുകളുടെ ഇഷ്ടമനുസരിച്ചു പ്രസംഗിക്കുന്ന പ്രാസംഗികരുണ്ടാകുമെന്നു പൗലൊസ് മുൻകണ്ടു.

ആ മത്സരമുള്ള ആളുകളുടെ സ്വഭാവങ്ങളെ തുറന്നു കാണിക്കുന്ന

താണ് പൗലൊസിന്റെ മുന്നറിയിപ്പു എന്നു പരിശോധിച്ചാൽ മനസ്സിലാകും.

അവർ സത്യത്തിൽ നിന്നകന്നു പോകും: "... അവർ പത്ഥ്യോപദേശം പൊറുക്കുകയില്ല."[9] ഇവിടെ പത്ഥ്യോപദേശം മനുഷ്യർക്ക് നല്കിയിട്ടുള്ളതാണ് (വാക്യം 2-ൽ പൗലൊസ് ആവശ്യപ്പെട്ടതുപോലെ), *എന്നാൽ പത്ഥ്യോപദേശത്തിൽ നിലനില്ക്കുന്നവർക്ക് വരുന്ന പരീക്ഷണങ്ങളെ സഹിക്കുവാനോ അല്ലെങ്കിൽ അതിൻപ്രകാരം സ്വീകരിക്കുവാനോ അവർക്കു കഴിയുന്നില്ല അല്ലെങ്കിൽ കഴിയുകയുമില്ല* (നോക്കുക മത്തായി 13:21; 2 തിമൊഥെയൊസ് 3:10–13).

വേറിട്ടു പോകുന്നതിന്റെ അവസ്ഥ ശ്രദ്ധിക്കുക: "... അവർ തങ്ങൾക്കുവേണ്ടി ഉപദേഷ്ടാക്കന്മാരെ പെരുക്കും."[10] റൊണാൾഡ് വാർഡ് നിരീക്ഷിച്ചു,

> അവർ "കൂട്ടി വെക്കും," എന്നു പറയുന്നതു അവരുടെ മതിവരാത്ത ആർത്തിയും പുതുമക്കുവേണ്ടിയുള്ള കൃത്യാന്തരവും ആണ് സൂചിപ്പിക്കുന്നത്. ഒന്നും അവരെ തൃപ്തിപ്പെടുത്തുന്നില്ല അതുകൊണ്ട് അവർ "അടുത്ത ആളിനായി" നോക്കും. *അവർ തങ്ങൾക്കുവേണ്ടി* എന്നത് അവരുടെ സ്വാർത്ഥതയെ സൂചിപ്പിക്കുന്നു. അവർക്ക് വേണ്ടതു എന്താണെന്ന് അവർ അറിയുകയും അതിനുവേണ്ടി പ്രവർത്തിക്കുകയും ചെയ്യും. എല്ലാ *ഉപദേഷ്ടാക്കന്മാരും* യോഗ്യരല്ല. *അവരുടെ ഇഷ്ടത്തിന് യോജിക്കുന്ന* ആളുകൾ ആയിരിക്കണം അവർ. ഇടവകക്കു ചേരുന്ന *ഉപദേഷ്ടാക്കന്മാർ*.[11]

ഇന്നത്തെ പല ഇടവകകളെയും ഒന്നു താരതമ്യം ചെയ്താൽ ഈ സാഹചര്യം നമ്മെ ഉണർത്തുന്നതാണ്. ശുശ്രൂഷകന്മാർ "കസേരകളി,"[12] നടത്തുകയാണെന്നു തോന്നുകയും സഹോദരന്മാർ ശുശ്രൂഷകരെ കുറിച്ചു പിറുപിറുക്കുകയും ചെയ്യുന്നു. നാവു ഒന്നു പിഴച്ചാലോ അല്ലെങ്കിൽ പ്രത്യേക പാപത്തിനെതിരായി ഉറച്ച നിലപാടെടുക്കുകയോ ചെയ്താൽ മതി ഒരു പുതിയ ശുശ്രൂഷകനെ അന്വേഷിക്കുവാൻ. *ഈ രീതി പിന്തുടരുന്ന അംഗങ്ങൾ ഇവരെ ശുശ്രൂഷകന്മാരാക്കുകയില്ല – അവർ അവരെ നീക്കും! പണമാണ് (അല്ലെങ്കിൽ പണം കുറക്കുന്നത് ആണ്) – അല്ലാതെ ഉപദേശമല്ല – എന്തു പ്രസംഗിക്കണമെന്നു തീരുമാനിക്കുന്നത്!*

ഈ രംഗത്തിനു മറ്റൊരു വശം ഉള്ളത് ഒരു പ്രാസംഗികനു യജമാനന്റെ സന്ദേശത്തിൽ നിന്നു വിട്ടു "രോഗികളും സ്വാർത്ഥരുമായ ആത്മാക്കളെ" തൃപ്തിപ്പെടുത്തുന്നതിന് അവതരിപ്പിക്കേണ്ടിവരുന്ന പരീക്ഷണമാണ്. അതു അയാളുടെ ജോലി സ്ഥിരത ഉറപ്പു വരുത്തുന്നതിനാണ്!

*ഓരോ അംഗവും ഓരോ സുവിശേഷകനും പൗലൊസിന്റെ മുന്നറിയിപ്പു ശ്രദ്ധിച്ചാൽ അവനോ അല്ലെങ്കിൽ അവളോ ഈ ഇരട്ട പാപങ്ങൾക്കിരയാവുകയില്ല!*

"കർണ്ണരസമാകുമാറു[13] ആഗ്രഹിക്കുന്നവരെയാണ്" പൗലൊസ് പറയുന്നത്. മാനുഷതാല്പര്യങ്ങളെ ആസ്പദമാക്കിയുള്ളതാണ് ആ തെറ്റ്, "എനിക്ക് ഇഷ്ടമുള്ളതു," പോലെ സത്യത്തെ വ്യാഖ്യാനിക്കുകയും

അങ്ങനെ "എന്റെ കാതുകൾക്കു ഇമ്പമായി" സംസാരിക്കുന്ന ഉപദേഷ്ടാക്കന്മാരെ വാങ്ങുവാൻ ഓടി നടക്കുകയും ചെയ്യുന്നു! *അത്തരം ഉപദേശം ജീവിത മാറ്റമല്ല ആവശ്യപ്പെടുന്നത് - സ്വ-മഹത്വം മാത്രമാണ്.*

ഇത്തരം ആഗ്രഹങ്ങൾ സ്വാർത്ഥ – മോഹികളായ ആത്മാക്കളെ സത്യത്തിൽ നിന്നു "പിന്തിരിഞ്ഞു"[14] പോകുവാനിടയാക്കുന്നു (4:4). ഈ ആത്മാക്കൾ സത്യത്തെ വിട്ടുകളഞ്ഞിട്ടു, "തിരിഞ്ഞു പോകുന്നത്"[15] "കെട്ടുകഥകളിലേക്കാണ്."[16] *ഇവിടെ രണ്ടിനും മദ്ധ്യേ ഒരു സ്ഥാനം ഇല്ല. ആളുകൾ കെട്ടുകഥകൾക്കായി തിരിയുമ്പോൾ, അവർ കർത്താവിന്റെ സന്ദേശം വിട്ടു കളയുന്നു.*

## കല്പന പൂർത്തിയാക്കുന്നതിനുള്ള നിർദ്ദേശം (വാ. 5)

അനേകർ മറ്റു വിളികൾ കേട്ടു, തെറ്റായ ആഗ്രഹങ്ങൾക്കിരയായി, സത്യത്തിൽ നിന്നകന്നു പോകുമ്പോൾ, പൗലൊസ് തിമൊഥെയൊസ് എടുക്കേണ്ട പദ്ധതി നല്കുകയായിരുന്നു. വീണ്ടും, പൗലൊസ് തന്റെ പ്രബോധനങ്ങൾ കല്പനകളോടെയാണ് നല്കിയത്! അവൻ ഈ ഉപദേശങ്ങളാണ് തിമൊഥെയൊസിനു നല്കിയത്:

"നിർമ്മദൻ ആയിരിക്ക."[17] പൗലൊസ് ഉപയോഗിച്ച ഗ്രീക്ക് വാക്കിന്റെ മുഴുവൻ അർത്ഥവും ഇംഗ്ലീഷ് തർജ്ജിമയിൽ വരുന്നില്ല (4:5). *നെഫേ* വിശദമാക്കുന്നത് ശാന്തനും മനശക്തി വീണ്ടെടുത്തവനും, മുഴുവനായും ആത്മ – നിയന്ത്രണവും സമചിത്തതയുള്ളവനും ആയിട്ടാണ്. ആ ഒരു വാക്കിൽ എന്തെല്ലാം വെല്ലുവിളി നല്കുന്ന സ്വഭാവങ്ങളാണ് അടങ്ങിയിരിക്കുന്നത്! തർജ്ജിമക്കാർ "സകലത്തിലും" എന്നു അനുബന്ധപ്പെടുത്തിയിരിക്കുന്നതിൽ അത്ഭുതപ്പെടുവാനില്ല.

"കഷ്ടം സഹിക്ക."[18] എല്ലാവരും തന്നെ ഇഷ്ടപ്പെടണമെന്നു ആഗ്രഹിക്കുന്നവനും എല്ലാം തന്റെ വഴിക്ക് വരണമെന്നും ആഗ്രഹിക്കുന്ന സുവിശേഷകൻ പച്ചപ്പരമാർത്ഥി മാത്രമല്ല, പൗലൊസിന്റെ അങ്ങനെയുള്ള കാലം വരുമെന്ന മുന്നറിയിപ്പു കണ്ടില്ലെന്നു നടിക്കുന്നവനുമാണ്. സുവിശേഷകന്റെ ആത്മിക ശക്തി വേണ്ടിവന്നാൽ കഷ്ടത സഹിക്കുക എന്നതാണ്.

"സുവിശേഷകന്റെ[19] പ്രവൃത്തി ചെയ്ക." അതാണ് "ഏക പ്രവൃത്തി" (ഗ്രീക്ക്.: *പോയിയേസോൺ*) അത് പൗലൊസ് തിമൊഥെയൊസിനോടും എല്ലാ സുവിശേഷകന്മാരോടും "ചെയ്യുവാൻ" പറഞ്ഞതാണ്. ആ വാക്ക് ബന്ധപ്പെട്ടിരിക്കുന്നത് പ്രത്യേകിച്ചു ഒരാളുടെ പരിശീലനത്തിൽ, പ്രകടനത്തിൽ, അല്ലെങ്കിൽ ക്രിയാത്മക പ്രവൃത്തിയിലാണ്. ഉപദേഷ്ടാവു, ശ്രദ്ധയോടെ ഈ ത്യാഗം നിറവേറ്റുവാൻ കഴിവുള്ളവനായി, ഏക ഉപദേശം പിൻപറ്റുകയും വേണം (1 തിമൊഥെയൊസ് 2:4; 4:16; 2 തിമൊഥെയൊസ് 2:2; തിത്തൊസ് 1:5). അവൻ സമർപ്പിക്കപ്പെട്ടു, താല്പര്യത്തോടെയും ശീലമാക്കിയും വേണം, സുവിശേഷകന്റെ കടമ നിർവ്വഹിക്കുവാൻ.

ദൈവം – രൂപപ്പെടുത്തിയ ഈ പ്രവൃത്തിയെ കുറിച്ചു റൊണാൾഡ് വാർഡ് താഴെ കൊടുത്തിരിക്കുന്ന നിരീക്ഷണം നടത്തിയിരിക്കുന്നു:

> സ്വർഗ്ഗാരോഹണം ചെയ്ത കർത്താവു തന്റെ സഭയ്ക്കു ഉപദേഷ്ടാക്കന്മാരെയും സുവിശേഷകന്മാരെയും നല്കി. അവർ, കർശനമായും സംസാരിക്കുന്ന, സഭയുടെ ശമ്പളജോലിക്കാരല്ല പിന്നെയോ ക്രിസ്തുവിന്റെ ദാനങ്ങളാണ്. ഉപദേഷ്ടാവു ഉപദേശിക്കുന്നതു ക്രിസ്തുവിന്റെ ഉപദേശമായിരിക്കും; *സുവിശേഷകന്മാർ* ആളുകൾ വിശ്വസിക്കേണ്ടതിനു, പ്രസംഗിക്കുന്നത് ഇവാഞ്ചൽ, സുവിശേഷം ആയിരിക്കും. ഇതാണ് തിമൊഥെയൊസ് ചെയ്യേണ്ടിയിരുന്നത് (ഒത്തുവാക്യം. എഫെ. 4:11). ... സുവിശേഷം പ്രസംഗിക്കുക എന്നതാണ് *പ്രവൃത്തി.* ശുശ്രൂഷകൻ വെറുതെ "സംസാരിച്ചാൽ" മതി എന്ന ചിലരുടെ വിദ്വേഷപൂർവ്വമായ അഭിപ്രായത്തിനെതിരാണ് ഇത്. യേശുവിന്റെ പ്രവൃത്തികൾ വാക്കുകൾ പ്രാവർത്തികമാക്കിയതുപോലെ (അവർക്ക് ഒരു സന്ദേശം ഉണ്ടായിരുന്നു) അവന്റെ വാക്കുകൾക്കു പ്രവൃത്തികളുടെ ഫലം ഉണ്ടായിരിക്കും, അതുകൊണ്ടു *സുവിശേഷകന്റെ* വാക്കുകൾക്ക് വലിയ ശക്തിയുണ്ട് (ഒത്തുവാക്യം. 1 തെസ. 1:5) അധികം ഫലമുണ്ടാകയും ചെയ്യും. അവന്റെ വാക്കുകൾ *പ്രവൃത്തികളാണ്.*
>
> ... ആത്മിക വർദ്ധനവിന്റെ എതിരായ വിവാദങ്ങളിൽ നിന്നും ഭിന്നതകളിൽ നിന്നും കൂട്ടത്തെ കാത്തുകൊള്ളുന്നതാണ് ഈ വിചാരങ്ങളെല്ലാം; ഉപദേശത്തിന്റെ ഉത്തരവാദിത്തങ്ങളിലെല്ലാം മറ്റുള്ളവരെ ഉപദേശത്തിനു നിയമിക്കുന്നതും നിക്ഷേപിക്കുന്നവരെ കാക്കുകയും സന്ദേശം കൂടുതൽ വിശാലമായി വ്യാപിപ്പിക്കേണ്ടതുമാണ്; ഇതിലെല്ലാം തിമൊഥെയൊസ് വചനം കേട്ടിട്ടില്ലാത്തവരോട് അതറിയിക്കുവാൻ ഒരിക്കലും മറക്കരുതായിരുന്നു, അവരും അങ്ങനെ ദൈവരാജ്യത്തിൽ പ്രവേശിക്കയും ക്രിസ്തുവിലുള്ള രക്ഷ ആസ്വദിക്കയും ചെയ്യും.[20]

"നിന്റെ ശുശ്രൂഷ നിറപടിയായി നിവർത്തിക്ക."[21] ഭാഗിക - മായി, താല്പര്യമില്ലാതെ, ഉപേക്ഷ വിചാരിക്കുന്ന വിധമുള്ള പഠനം അസ്വീകാര്യമാണ്. ഇത്തരം സേവനം ഒരു സുവിശേഷകന്റെ ഭാഗത്തുനിന്നു ശുശ്രൂഷ നിവർത്തിക്കുന്ന "മുഴുവൻ തെളിവല്ല" ആളുകൾക്ക് നല്കുന്നത്!

### കല്പനയോടുള്ള ബന്ധത്തിൽ പൗലൊസ് വെക്കുന്ന മാതൃക (വാ. 6-8)

തന്റേതായ ജീവിതത്തിൽ എങ്ങനെ ആ കല്പന സമർപ്പിതമായി പ്രദർശിപ്പിച്ചിരിക്കുന്നു എന്നു കാണിച്ചു കൊണ്ടാണ്, പൗലൊസ് ഗൗരവമുള്ള ഒരു കല്പന തിമൊഥെയൊസിനു നല്കിയത്. തിമൊഥെയൊസിനും (നമുക്കും) ഇഷ്ടമാകും പൗലൊസിനു ഇങ്ങനെ പറയുവാൻ കഴിഞ്ഞതിൽ, "ഞാൻ ചെയ്തതാണ്, ഒരു സുവിശേഷകനായ നിന്നോടു ആവശ്യപ്പെടുന്നത്!" "ആ പശ്ചാത്തല അനുഭവത്തിൽനിന്നു, ഇതാ എനിക്കു തീർച്ചയുള്ള മൂന്നു സത്യങ്ങൾ" എന്നു കൂടി, പൗലൊസിനു

ചേർക്കുവാൻ കഴിഞ്ഞു.

**"ഞാൻ ഉടനെ മരിക്കുമെന്നു എനിക്ക് അറിയാം"**

പൗലൊസ് "ഒഴിക്കപ്പെട്ടു"[22] കഴിഞ്ഞിരിക്കുന്നു (4:6). പൗലൊസ്, യേശുവിനെ പോലെ, നീതിയെ തെറ്റായി കൈകാര്യം ചെയ്യുന്നതിനെ വഹിക്കുകയായിരുന്നു, എന്നാൽ അതു, മറ്റൊരാളുടെ നന്മക്കു കാരണമാകുന്ന, സ്നേഹവും ഭക്തിയും ഉള്ള ത്യാഗമായി തീർന്നു (നോക്കുക റോമർ 14:7, 8; 2 കൊരിന്ത്യർ 5:14, 15).

ഒരു ക്രിസ്ത്യാനിക്കു നോക്കുവാൻ കഴിയുന്നതിനേക്കാൾ അക്ഷുബ്ധമായ മുഖഭാവത്തോടെ ആർക്കും മരണത്തെ കാണുവാൻ കഴിയുകയില്ല. പൗലൊസ് തടവുമുറിയിൽ കിടന്നുകൊണ്ടു "എന്റെ നിര്യാണകാലവും അടുത്തിരിക്കുന്നു" എന്നു പറയുമ്പോൾ, പൗലൊസ് ആ മനോഹര മാതൃക നമുക്ക് ഉറപ്പിക്കുകയായിരുന്നു.

"നിര്യാണകാലം" എന്നു പൗലൊസ് തിരഞ്ഞെടുത്ത വാക്ക് (ഗ്രീക്ക്.: *അനാലുസിസ്*) പ്രാധാന്യമുള്ളതാണ് (നോക്കുക ഫിലിപ്പിയർ 1:21–23). ഈ വാക്കുകളാൽ പൗലൊസിനു മരണത്തോടുണ്ടായിരുന്ന കാഴ്ച്ചപ്പാടിനെ ബാർക്ക്ലേ വിവരിക്കുന്നു:

> (a) വണ്ടിയുടേയോ കലപ്പയുടേയോ നുകത്തിൽ നിന്നു മൃഗത്തെ അഴിച്ചു വിടുന്നതിനു ഉപയോഗിക്കുന്ന വാക്കാണ് അത്. പൗലൊസിനു മരണം എന്നതു അദ്ധ്വാനത്തിൽ നിന്നുള്ള വിശ്രമമാണ്. തന്റെ ഭാരം താഴെയിറക്കുവാൻ അവനു സന്തോഷമേ ഉണ്ടായിരുന്നുള്ളൂ. [എഡ്മണ്ട്] സ്പെൻസറിനെ പോലെ, തന്റെ അദ്ധ്വാനശേഷമുള്ള സമാധാനവും, കടലിലെ കൊടുങ്കാറ്റിൽ നിന്നു തുറമുഖത്തേക്ക് എത്തുന്നതും, ജീവിതശേഷമുള്ള മരണവും, പ്രിയപ്പെട്ടതാണ്. ജീവിത പനിക്കുശേഷം, അവൻ സുഖമായി ഉറങ്ങും. (b) ബന്ധനങ്ങൾ അല്ലെങ്കിൽ വിലങ്ങുകൾ അഴിയുന്നതിന് ഉപയോഗിക്കുന്ന വാക്കാണത്. പൗലൊസിനു മരണം സ്വാതന്ത്ര്യവും ആശ്വാസവുമാണ്. അവനെ സംബന്ധിച്ചു റോമൻ തടവിൽ നിന്നു സ്വർഗ്ഗീയ പ്രാകാരങ്ങളിലേക്കുള്ള മഹത്തായ ഒരു സ്വാതന്ത്ര്യമായിരുന്നു. (c) അതു കൂടാരത്തിന്റെ കയർ അഴിക്കുന്ന വാക്കാണ്. പൗലൊസിനു അത് വീണ്ടും കൂടാരം അടിക്കുന്നതായിരുന്നു. ആസ്യയിലെയും യൂറോപ്പിലെയും അനേക റോഡുകളിലൂടെ അവൻ യാത്ര ചെയ്തിരുന്നു. ഇപ്പോൾ അവനു മുമ്പിൽ ഉള്ളത് അവസാനത്തേയും ഏറ്റവും വലുതുമായ യാത്രയായിരുന്നു; ദൈവത്തിങ്കലേക്കുള്ള യാത്രയായിരുന്നു അത്. (d) കപ്പലിന്റെ നങ്കൂര - കയർ അഴിച്ചുവിടുന്നതിനു ഉപയോഗിക്കുന്ന വാക്ക് ആണ് അത്. പലപ്പോഴായി പൗലൊസ് മധ്യധരണ്യാഴിയിൽ കൂടെ കപ്പലിൽ യാത്ര ചെയ്തിട്ടുണ്ട്, അപ്പോൾ തുറമുഖത്ത് നിന്നു ആഴക്കടലിലേക്ക് കപ്പൽ നീങ്ങുന്നത് അവനു തോന്നിയിട്ടുണ്ട്. അവയിൽ എല്ലാറ്റിലും ആഴത്തിലേക്കാണ് പൗലൊസ് ഇപ്പോൾ നീങ്ങിക്കൊണ്ടിരിക്കുന്നത്; അവൻ മരണത്തിന്റെ വെള്ളമെല്ലാം കടന്നു സ്വർഗ്ഗത്തിൽ നിത്യതയിലെ

ത്തുവാനുള്ള യാത്രയിലാണ്.[23]

മരണത്തിലെ മനോഹരമായ ആ വിജയത്തെ സ്വീകരിച്ചുകൊണ്ട്, പൗലൊസ് തന്റെ രണ്ടാമത്തെ "അറിയുന്നതി"ലേക്കു നീങ്ങി.

**"എന്റെ ശുശ്രൂഷ വിജയകരമായിരുന്നു എന്നു എനിക്ക് അറിയാം"**

പൗലൊസ് എഴുതി, "ഞാൻ നല്ല പോർ പൊരുതി,[24] ഓട്ടം തികെച്ചു, വിശ്വാസം കാത്തു" (4:7). പൗലൊസ് "നല്ല പോർ പൊരുതി," സത്യത്തിനുവേണ്ടി പോരാടിക്കൊണ്ട് ജീവിച്ചു (2 കൊരിന്ത്യർ 10:3–6; എഫെസ്യർ 6:10–18). തനിക്കു പരീക്ഷണങ്ങൾ ഉണ്ടായിരുന്നു എങ്കിലും തന്റെ ശുശ്രൂഷ നിവർത്തിച്ചു "ഓട്ടം തികച്ചു," എന്നു അവനു അറിയാമായിരുന്നു (കൊലൊസ്യർ 1:24–29). ആത്മ വിശ്വാസത്തോടും ആശ്രയത്തോടുംകൂടെ അവൻ തന്റെ "വിശ്വാസം കാത്തു" (2 തിമൊഥെയൊസ് 4:16–18).

പൗലൊസിന്റെ പദപ്രയോഗം വലിയ സദസ്സുകളെ സ്പർശിച്ചിരുന്നതായി ചിലർ നിരീക്ഷിച്ചിരുന്നു. "ഞാൻ നല്ല പോർ പൊരുതി" എന്നതു റോമാക്കാരോടുള്ള അഭ്യർത്ഥനയായിരുന്നു – ഭടന്മാരെ പോലെ; "ഞാൻ ഓട്ടം തികെച്ചു" എന്നതു ഗ്രീക്കുകാരോടുള്ള അഭ്യർത്ഥനയായിരുന്നു – ഓട്ടക്കാരെ പോലെ; "ഞാൻ വിശ്വാസം കാത്തു" എന്നതു യെഹൂദന്മാരോടുള്ള അഭ്യർത്ഥനയായിരുന്നു – ദൈവജനം ആയി.

കൂടാതെ, "ഞാൻ ചെയ്തു" എന്നു പറയുന്ന ഓരോന്നും (ഗ്രീക്ക്.: *ഈഗോനിസ്മായി; റ്റെറ്റേലേകാ, റ്റെറ്റേരേകാ*) പൂർണ്ണകാല ക്രിയയാണ്, കൂടുതലായി വ്യാകരണപ്രകാരം ഊന്നി പറയുന്നത് പൗലൊസ് പോർ പൊരുതി ഓട്ടം തികെച്ചതു വിശ്വാസത്തിലാണെന്നു വ്യക്തം! യേശുവിനെ പോലെ, അവനും, തന്റെ നിര്യാണത്തിനു മുൻപു, "അതു നിവൃത്തിയായി" എന്നു പറയുവാൻ കഴിഞ്ഞു (താരതമ്യം ചെയ്യുക യോഹന്നാൻ 19:30 ഉം പ്രവൃത്തികൾ 9:15, 16 ഉം പ്രവൃത്തികൾ 19:10; 20:26, 27; കൊലൊസ്യർ 1:23; 2 തിമൊഥെയൊസ് 4:17 എന്നിവയുമായി).

ഈ മൂന്നു പ്രധാന പ്രസ്താവനകളെയും സംബന്ധിച്ചു നമുക്കു ചില നിരീക്ഷണങ്ങൾ നടത്താം. ആദ്യമായി, പൗലൊസ് പൊരുതിയത് "നല്ല" പോർ ആയിരുന്നു. അത് വെറും "ഒരു" പോർ (കെജെവി) ആയിരുന്നില്ല, പിന്നെയോ "ഏക" പോർ ആയിരുന്നു, കൂടാതെ അതു "നല്ല" പോർ ആയിരുന്നു (നോക്കുക എഫെസ്യർ 2:10; ഗലാത്യർ 6:10; മത്തായി 5:16; റോമർ 12:20, 21; 2 കൊരിന്ത്യർ 10:3–6). ക്രിസ്തീയ ജീവിതം പരുങ്ങിക്കൊണ്ടോ കാഹളാഘോഷപരമോ അല്ല – അത് ഒരു *പോർ*[24] ആണ്.

ബലഹീനർ ഈ ഭാഗത്ത് പ്രവേശിക്കുമ്പോൾ, ശക്തി പ്രാപിക്കുന്നു. നിഷ്പ്രയാസം പഠിപ്പിക്കാവുന്നവരും മൃദുലരുമായവർ ഇതിലേക്കു വന്നാൽ, അവർ തങ്ങളുടെ ശക്തിക്കു കർത്താവിൽ ആശ്രയിക്കയും, അവന്റെ സർവ്വായുധം ഉറച്ചു നില്ക്കുകയും വേണം (നോക്കുക എഫെസ്യർ 6:10–18; ഫിലിപ്പിയർ 4:10–13). ഓരോ ദിവസവും സ്വയം – ത്യജിക്കയും സ്വയം – അച്ചടക്കം വരുത്തിയും പോകണം (ലൂക്കൊസ് 9:23; 1 കൊരിന്ത്യർ 15:58) അവിടെ ഭയത്തിനും ലജ്ജക്കും പകരം ശക്തിയും,

സ്നേഹവും, അച്ചടക്കവും വരുന്നു (2 തിമൊഥെയൊസ് 1:7). യജമാനനുവേണ്ടി നടക്കേണ്ടതു അന്തർദ്ദേശിയ നിലവാരത്തിലാണ് (മത്തായി 28:18–20), സ്നേഹിക്കപ്പെട്ടവർ സ്നേഹത്താൽ കീഴടക്കുന്നു (1 യോഹന്നാൻ 4:19–21; 2 കൊരിന്ത്യർ 5:13–15; റോമർ 8:28, 35–39).

രണ്ടാമതായി, പൗലൊസ് ഓട്ടം തികെച്ചു. ഓടി തുടങ്ങുന്നതു എളുപ്പമാണ്, അതു സ്ഥിരത കൈവരിക്കുവാനും പൂർത്തിയാക്കുവാനും ക്രിസ്തുവിന്റെ സ്വഭാവം നമുക്ക് ആവശ്യമാണ്. മത്തായി 13:18–23 ശ്രദ്ധയോടെ പരിശോധിക്കുക, അവിടെ നാലിൽ മൂന്നു ആളും നഷ്ടപ്പെടുന്നത് *പൂർത്തിയാക്കുന്നതിൽ* പരാജയപ്പെടുന്നതുകൊണ്ടാണ്.

പൂർത്തിയാക്കുന്നതിൽ പരാജയം നേരിടുന്നതു ക്രിസ്തുവിലുള്ളവരെയും തീർച്ചയായും ബാധിക്കും (നോക്കുക ഗലാത്യർ 1:6, 7; 5:7; 2 പത്രൊസ് 2:21, 22; വെളിപ്പാട് 3:1–3). ആരംഭിക്കുന്നവരെ യേശു ആഗ്രഹിക്കുന്നുണ്ട്, എന്നാൽ നിർത്തുന്നവരെയും വിട്ടുകളയുന്നവരെയും നോക്കി അവൻ നീരസപ്പെടും (ലൂക്കൊസ് 9:57–62). അവന്റെ ഓട്ടം ഒരു “തകർച്ച,” അല്ല മറിച്ചു ഒരു മാരത്തോണാണ്; അവന്റെ കാൽ പാടുകൾ വിശുദ്ധിയിലേക്കും നീതിയിലേക്കുമാണ് നയിക്കുന്നത് – അവയെല്ലാം പൂർത്തിയാക്കുന്നതിലേക്കും നയിക്കും (1 പത്രൊസ് 2:21–24; 1 യോഹന്നാൻ 3:7, 10; 1 പത്രൊസ് 1:13–16; വെളിപ്പാട് 22:11).

മൂന്നാമതായി, പൗലൊസ് വിശ്വാസം കാക്കുകയും വിശ്വാസത്താൽ സൂക്ഷിക്കുകയും ചെയ്തു (എബ്രായർ 11:1–12:3; റോമർ 5:1, 2). 2 തിമൊഥെയൊസ് എഴുതുമ്പോൾ അവൻ ധീരമായ വിശ്വാസം പ്രകടിപ്പിച്ചു (പ്രത്യേകിച്ചു “ചങ്ങല,” “ഉപദ്രവങ്ങൾ,” “കഷ്ടതകൾ,” “എന്നെ വിട്ടു പോയി,” “ഒഴിക്കപ്പെട്ടു,” “നിര്യാണം” എന്നീ വാക്കുകൾ ഉപയോഗിച്ചിരിക്കുന്നത്). അന്യായവും അടിസ്ഥാനരഹിതവുമായ കുറ്റം അവനിൽ ചുമത്തിയതുകൊണ്ടാണ് പൗലൊസ് നിര്യാണം കാത്തിരിക്കുന്നത്. *ആ മനുഷ്യൻ കാഴ്ച്ചയാലല്ല വിശ്വാസത്താലാണ് ജീവിച്ചതെന്നു,* ഈ സാഹചര്യത്തിലെ അവന്റെ വാക്കുകൾ പ്രതിധ്വനിപ്പിക്കുന്നു!

പൗലൊസിന്റെ തടവിലെ കഷ്ടാവസ്ഥ മനസ്സിൽ വെച്ചുകൊണ്ട്, 2 കൊരിന്ത്യർ 4:16–5:8 ലെ അവന്റെ വാക്കുകൾ പരിഗണിക്കുക:

> അതുകൊണ്ടു ഞങ്ങൾ അധൈര്യപ്പെടാതെ, ഞങ്ങളുടെ പുറമെയുള്ള മനുഷ്യൻ ക്ഷയിച്ചു പോകുന്നു എങ്കിലും, ഞങ്ങളുടെ അകമെയുള്ളവൻ നാൾക്കുനാൾ പുതുക്കം പ്രാപിക്കുന്നു. നൊടിനേരത്തേക്കുള്ള, ഞങ്ങളുടെ ലഘുവായ കഷ്ടം അത്യന്തം അനവധിയായി തേജസിന്റെ നിത്യഘനം ഞങ്ങൾക്കു കിട്ടുവാൻ ഹേതുവാകുന്നു, കാണുന്നതിനെയല്ല, കാണാത്തതിനെ അത്രെ ഞങ്ങൾ നോക്കിക്കൊണ്ടിരിക്കുന്നു; കാണുന്നതു താല്ക്കാലികം, കാണാത്തതോ നിത്യം.
>
> കൂടാരമായ ഞങ്ങളുടെ ഭൗമ ഭവനം അഴിഞ്ഞു പോയാൽ, കൈപ്പണിയല്ലാത്ത, നിത്യഭവനം ആയി ദൈവത്തിന്റെ ദാനമായൊരു കെട്ടിടം, ഞങ്ങൾക്കു സ്വർഗ്ഗത്തിൽ ഉണ്ടെന്നു അറിയുന്നു. ഈ കൂടാരത്തിൽ, ഞങ്ങൾ ഞരങ്ങിക്കൊണ്ടു നഗ്നരായിട്ടല്ല ഉടു

പ്പുള്ളവരായിരിക്കുന്നു; എങ്കിൽ, സ്വർഗ്ഗീയമായ ഞങ്ങളുടെ പാർപ്പിടം, അതിനു മീതെ ധരിപ്പാൻ വാഞ്ഛിക്കുന്നു. ഉരിവാനല്ല, മർത്യമായതു ജീവനാൽ നീങ്ങിപോകേണ്ടതിനു, മീതെ ഉടുപ്പാൻ ഇഛിക്കയാൽ, ഞങ്ങൾ ഈ കൂടാരത്തിൽ, ഇരിക്കുന്നേടത്തോളം, ഭാരപ്പെട്ടു ഞരങ്ങുന്നു. അതിനായി ഞങ്ങളെ ഒരുക്കിയതു, ആത്മാവിനെ അച്ചാരമായി തന്നിരിക്കുന്ന ദൈവം തന്നേ. ആകയാൽ, ഞങ്ങൾ എല്ലായ്പ്പോഴും ധൈര്യപ്പെട്ടും, ശരീരത്തിൽ വസിക്കുമ്പോൾ ഒക്കെയും കർത്താവിനോടു അകന്നു പരദേശികൾ ആയിരിക്കുന്നു എന്നറിയുന്നു - കാഴ്ച്ചയാലല്ല, വിശ്വാസത്താലത്രേ ഞങ്ങൾ നടക്കുന്നത് - ഇങ്ങനെ ഞങ്ങൾ ധൈര്യപ്പെട്ടു, ശരീരം വിട്ടു, കർത്താവിനോടുകൂടെ വസിപ്പാൻ അധികം ഇഷ്ടപ്പെടുന്നു.

പൗലൊസിന്റെ മൂന്നാമത്തെ "അറിയുന്നതിൽ" ഇതിന്റെ അവസാനം കാണാം.

**"എനിക്കു പ്രതിഫലം ലഭിക്കും എന്ന് എനിക്ക് അറിയാം"**

എപ്പോഴാണ് ക്രിസ്ത്യാനിക്കു പ്രതിഫലം ലഭിക്കുന്നത്? *ഇപ്പോൾ!* പൗലൊസ് പറഞ്ഞു, "എനിക്കു വെച്ചിരി*ക്കുന്നു*"[25] (4:8; എംഫസിസ് മൈൻ). പൗലൊസ് ദൈവകൃപയാൽ തന്റെ ജീവിതം എങ്ങനെ അവസാനിപ്പിക്കുന്നു എന്നറിയുന്ന സർവ്വ ജ്ഞാനിയായ ദൈവത്തിൽ നിന്നു ദൈവശ്വാസിയനായ അപ്പൊസ്തലൻ മുഖാന്തരം വന്ന സന്ദേശമായിരുന്നു അത് (നോക്കുക ഗലാത്യർ 1:11, 12; വെളിപ്പാട് 2:10).

ദാനത്തിനുവേണ്ടി കാത്തിരിക്കുന്ന പല കുട്ടികൾക്കും പിതാവു അതു നല്കിയിട്ടില്ലാത്തതിനാൽ അവർക്ക് എപ്പോൾ കിട്ടുമെന്ന് നിശ്ചയമില്ല. തനിക്കു സ്വർഗ്ഗീയ പിതാവു വെച്ചിരിക്കുന്ന പ്രതിഫലം പൗലൊസിനു അറിയാമായിരുന്നു.

എന്തായിരുന്നു വാഗ്ദാനം? കർത്താവു "തരും."[26] നീതിയുടെ കിരീടം നമുക്ക് എല്ലാവർക്കുമല്ല ദൈവം വാഗ്ദാനം ചെയ്തിരിക്കുന്നത്, അവന്റെ കൃപയാൽ വിശ്വസ്തരായവർക്കാണ് അതു വാഗ്ദാനം ചെയ്തിരിക്കുന്നത് (വെളിപ്പാട് 2:10). കർത്താവു വാഗ്ദാനം ചെയ്തതു നിവർത്തിക്കും (2 പത്രൊസ് 3:9; 1 കൊരിന്ത്യർ 15:58). കർത്താവു "തരും," എങ്കിൽ തനിക്ക് അതു കിട്ടും എന്നു പൗലൊസിനു അറിയാമായിരുന്നു!

ആരാണ് വാഗ്ദാനം ചെയ്തതു? "നീതിമാനായ[27] ന്യായാധിപതി" (4:8, 9). നീതിയുടെ സ്വഭാവവിശേഷതകളെല്ലാം ക്രിസ്തുവിന്റെ മുൻപിൽ വെക്കുമ്പോൾ, ഒരാൾ താൻ തികച്ചും യോഗ്യനായി കാണാം! അതുകൊണ്ട് കർത്താവു വാഗ്ദാനം ചെയ്തതു നിവർത്തിക്കും എന്നു പൗലൊസു ആത്മവിശ്വാസം പ്രകടിപ്പിച്ചതിൽ അതിശയിക്കുവാനില്ല!

ചുരുക്കത്തിൽ, കർത്താവിന്റെ പ്രത്യക്ഷതയിൽ "പ്രിയം വെച്ചവർക്ക്" എല്ലാം *ഈ പ്രതിഫലം പൗലൊസ് ഉറപ്പു നല്കുക*യാണ്. ഏതെങ്കിലും ഒരവസരത്തിൽ ക്രിസ്തുവിനെ കണ്ടവരും നിത്യനായ ക്രിസ്തുവിനെ കാണേണ്ടിയിരിക്കുന്നു (1 യോഹന്നാൻ 1:1–3). നമ്മുടെ സ്നേഹം അവന്റെ "പ്രത്യക്ഷതയുടെ," വർണ്ണഛായയിലെത്തുന്നതുവരെ അതു

പൂർണ്ണമായും അംഗീകരിക്കപ്പെടുന്നില്ല. ഒരാൾ അവനെ നിത്യനായും, ദൈവരൂപത്തിൽ എല്ലാം വഹിക്കുന്നവനായും, ഇപ്പോൾ അവനെ എല്ലാ വാഴ്ച്ചകൾക്കും അധികാരങ്ങൾക്കും മീതെ, സഭയുടെയാക്കി വെച്ചിരിക്കുന്നതും (എഫെസ്യർ 1:18–23; 1 പത്രൊസ് 3:22; മത്തായി 28:18–20), അവൻ മടങ്ങിവന്നു എല്ലാവരെയും ന്യായം വിധിക്കുമെന്നും കാണണം (4:1).

തിമൊഥെയൊസിനെ അവന്റെ ശുശ്രൂഷ നിവർത്തിക്കുവാൻ പ്രചോദിപ്പിക്കുന്നതിനു പൗലൊസിനെ പ്രേരിപ്പിച്ചതു തിമൊഥെയൊസിനു ക്രിസ്തുവിലുള്ള വിശ്വാസം നിമിത്തമായിരുന്നു: *പ്രതിഫലത്തെ കുറിച്ചുള്ള പൗലൊസിന്റെ വിശ്വാസം.* വിശ്വാസത്തോടെ പൗലൊസ് ഓടിയതു പിന്തുടരുന്ന എല്ലാവർക്കും അതേ പ്രതിഫലം ലഭ്യമാണ്! പൗലൊസിന്റെ വിശ്വാസത്താൽ, നമുക്കു തുടരുവാനുള്ള ധൈര്യം ഉണ്ടാക്കിയെടുക്കാം!

## പാഠം 11: വ്യക്തിത്വങ്ങളും വ്യക്തിപരമായ ആവശ്യങ്ങളും (4:9-22)

### മോഹിക്കുന്ന സൗഹൃദം
### (വാ. 9-13)

മരണത്തെ നേരിട്ടുകൊണ്ടിരിക്കുമ്പോഴും പൗലൊസിനു ആത്മവിശ്വാസം ഉണ്ടായിരുന്നതിനാൽ, അതു അവനെ തനിക്കു ചുറ്റുമുള്ള മാനുഷ ബന്ധങ്ങളിൽനിന്നും മാറ്റി നിർത്തിയില്ല. ഈ ലോകത്തിൽ നിന്നു യാത്ര പറയുന്നതിനു മുൻപു ഒരിക്കൽ കൂടെ തിമൊഥെയൊസിനെ കാണുന്നതു പൗലൊസിനു എന്തുമാത്രം ആഹ്ലാദമുണ്ടാക്കും! ആ ആഴമേറിയ ആഗ്രഹമാണ് ആ ആവേശകരമായ അപേക്ഷയിലുള്ളത്.

“വേഗത്തിൽ എന്റെ അടുക്കൽ വരുവാൻ ഉത്സാഹിക്ക”[28] എന്നായിരുന്നു പൗലൊസിന്റെ അപേക്ഷ.[29] കർത്താവിന്റെ വേലക്കായി പൗലൊസ് പല സമയത്തും തന്റെ സഹപ്രവർത്തകരെ ചില സ്ഥലത്തേക്കു പോക എന്നോ ചില സ്ഥലത്തു പാർക്കുക എന്നോ ഒക്കെ പറഞ്ഞിട്ടുണ്ട് (4:12; നോക്കുക 1 തിമൊഥെയൊസ് 1:3; തീത്തൊസ് 1:5), എന്നാൽ ഈ സമയത്ത് തിമൊഥെയൊസിനോടു റോമിൽ വന്നു പ്രവർത്തിക്കുവാൻ പറയുന്നതിനേക്കാൾ അധികം ആവശ്യപ്പെടുന്നു. “എന്റെ അടുക്കൽ” വരിക എന്നാണ് പൗലൊസ് തിമൊഥെയൊസിൽ നിന്നും ആഗ്രഹിച്ചത്. കർത്താവിന്റെ വേല ആയിരിക്കാം പൗലൊസിന്റെ മനസ്സിൽ, എന്നാൽ തിമൊഥെയൊസ് വേഗത്തിൽ കാണുന്നതും മോഹിക്കുന്നതും താല്പര്യപൂർവ്വവുമായ ആഗ്രഹമായിരുന്നു (1:3, 4).

ആ സാഹചര്യത്തിൽ പൗലൊസിനു വ്യക്തിപരമായ പ്രശ്നങ്ങളുമുണ്ടായിരുന്നു (4:10), അതു മൂന്നുപേർ പൗലൊസിനെ വിട്ടു പോയതുമായി ബന്ധപ്പെട്ടാണ്. ആദ്യം, ഒരു ശിഷ്യൻ വേറിട്ടുപോയി, ദേമാസ്, “ഈ ലോകത്തെ സ്നേഹിച്ചതുകൊണ്ട്” തെസലൊനിക്യയിലേക്കു പോയി. ഇവിടെ ഉപയോഗിച്ചിരിക്കുന്ന “സ്നേഹം” എന്നതിന്റെ പദം *അഗാപെ* യിൽ നിന്നുള്ളതാണ് – പൊതുവിൽ ഉയർന്ന രീതിയിലുള്ള

സ്നേഹത്തെയാണ് അതു കണക്കാക്കുന്നത്. ഇവിടത്തെ പ്രശ്നം എന്തെന്നാൽ ദേമാസ് ആ സ്നേഹം "ഈ ലോകത്തോടാണ്" കാണിച്ചത് (നോക്കുക 1 യോഹന്നാൻ 2:15-17). ഇതു തെളിയിക്കുന്നതു ഏറ്റവും നല്ല സ്നേഹം തെറ്റായ സ്ഥലത്തോ അല്ലെങ്കിൽ തെറ്റായ വ്യക്തിയോടോ പ്രകടിപ്പിക്കാം എന്നാണ്. ശ്രദ്ധിക്കുക യിരെമ്മ്യാവു 18:15-17, അവിടെ യഹോവ അവരിൽ നിന്നു ആവശ്യപ്പെട്ടതു യെഹൂദാ അന്യദേവന്മാർക്കു നല്കിയതുകൊണ്ട് ദൈവം അവരെ ശിക്ഷിച്ചു.

വിതെക്കുന്നവന്റെ ഉപമയിൽ ദേമാസിനെ എവിടെ കൊള്ളിക്കാം (മത്തായി 13:18-23; ലൂക്കൊസ് 8:5-15)? ദേമാസിന്റെ ശിഷ്യത്വം താഴോട്ടു പോകുന്നതായി ബാർക്ക്ലേ തന്റെ താഴെ കൊടുത്ത അവലോകനത്തിൽ നല്കുന്നു:

> പൗലൊസിന്റെ ലേഖനങ്ങളിൽ മൂന്നു പ്രാവശ്യം ദേമാസിനെ കുറിച്ചു പറയുന്നുണ്ട്; ആ മൂന്നു വാക്യങ്ങളും അവന്റെ ദുഃഖകരമായ അവസ്ഥയെ സൂചിപ്പിക്കുന്നുണ്ട്. (i) *ഫിലേമോന്റെ* പുസ്തകത്തിൽ വാക്യം 24-ൽ പൗലൊസിന്റെ *സഹ - പ്രവർത്തകരുടെ* കൂട്ടത്തിൽ പേർ പറഞ്ഞിരിക്കുന്നവരിൽ ദേമാസും ഉണ്ട്. (ii) *കൊലൊസ്യർ* 4:14-ൽ ഒരു പരാമർശവും കൂടാതെ ദേമാസ് എന്നു മാത്രം പറയുന്നു. (iii) ഇവിടെ [2 തിമൊഥെയൊസ് 4:10] ഈ ലോകത്തെ സ്നേഹിച്ചുകൊണ്ട് പൗലൊസിനെ വിട്ടുപോയ ദേമാസിനെയാണ് പറഞ്ഞിരിക്കുന്നത്. ഒന്നാമത്തെ ദേമാസ്, സഹപ്രവർത്തകനായ ദേമാസാണ്; രണ്ടാമത്തെ ദേമാസ്, വെറും ദേമാസ് ആണ്; മൂന്നാമത്തെ ദേമാസ്, ലോകത്തെ സ്നേഹിച്ചു വിട്ടുപോയ ദേമാസാണ്. അവിടെ ആതിഥേയ അധഃപ്പതനചരിത്രമാണ് കാണുന്നത്. പടിപടിയായിട്ടാണ് സഹഭൃത്യൻ വിട്ടു പോകുന്നവനാകുന്നത്; ബഹുമാന്യ നാമം ലജ്ജിക്കത്തക്കതായി തീരുന്നു.[30]

രണ്ടാമത്, വളരെ - കുറച്ചു മാത്രം അറിയപ്പെടുന്ന ശിഷ്യനായ, ക്രെസ്തൊസിനെ, ഗലാത്യക്ക് അയച്ചു (അല്ലെങ്കിൽ ശൗൽ).

മൂന്നാമത്, സമർപ്പിക്കപ്പെട്ട ശിഷ്യനായ, തിത്തൊസ്, ക്രേത്തയിലെ സേവനത്തിനുശേഷം ദെൽമെത്യെക്കുപോയി (1:5) ഒരു പക്ഷെ അഖായയിലെ നിക്കൊപൊലിസിൽ സേവനത്തിനുശേഷം ആകാം (നോക്കുക തിത്തൊസ് 3:12). ഇല്ലൂര്യയിലെ ദെൽമത്യെയിലേക്ക് സ്വാഭാവികമായും മുകളിലേക്കും വടക്കോട്ടും കരയിൽ കൂടെയും അല്ലെങ്കിൽ അദ്രമുഥ്യ കടൽ വഴിയോ പോയിരിക്കാം. തിത്തൊസിനെ കുറിച്ചു ഹെൻഡ്രിക്സൺ നിരീക്ഷിച്ചിരിക്കുന്നത് യോജിക്കുന്നു,

> എപ്പോഴെങ്കിലും, അവൻ പൗലൊസിൽ നിന്നു ദൂരെ പോയിട്ടുണ്ടെങ്കിൽ, അതു ഒരു ദൗത്യത്തിനുവേണ്ടിയായിരിക്കും, അവൻ ഒരിക്കലും അദ്രിയാറ്റിക് കടലിനോ അല്ലെങ്കിൽ അതിന്റെ തെക്കേ അറ്റത്തുള്ള ഇക്കോവ്യ കടലിനോ അപ്പുറം, അധിക ദൂരം പോകാറില്ല.

കഴിവുള്ള, ധൈര്യശാലിയായ, വിശുദ്ധീകരിക്കപ്പെട്ട അവനു, വഴക്കുണ്ടാക്കി കൊണ്ടിരുന്ന കൊരിന്ത്യരെയും, മിഥ്യാവാദികളായ ക്രേത്തരേയും, കലഹത്തിനു കേൾവികേട്ട ദൽമത്യെക്കാരെയും എങ്ങനെ കൈകാര്യം ചെയ്യണമെന്ന് അറിയാമായിരുന്നു.[31]

*പൗലൊസിന്റെ ഉദ്യോഗസ്ഥസഞ്ജയത്തിലും പദ്ധതികളിലും* മൂന്നു വ്യക്തികൾ കൂടെ ഉൾപ്പെട്ടിരുന്നു: ലൂക്കൊസും, മർക്കൊസും, കൂടാതെ തിഹിക്കൊസും (4:11, 12). ശേഷിച്ച ശിഷ്യൻ ലൂക്കൊസ് ആയിരുന്നു (4:11). പൗലൊസും ലൂക്കൊസുമായുണ്ടായിരുന്ന ബന്ധത്തെയും അവരുടെ സ്വഭാവസാദൃശ്യങ്ങളെയും വില്യം ഹെൻഡ്രിക്സൺ താഴെ കാണുന്ന അവലോകനം നടത്തിയിട്ടുണ്ട്:

> ശ്രദ്ധേയനായ ഒരു വ്യക്തിയായിരുന്നു മൂന്നാമത്തെ സുവിശേഷം എഴുതിയത്. അവൻ "പ്രിയവൈദ്യനായ" ലൂക്കൊസ് ആയിരുന്നു (കൊലൊസ്യർ 4:14), എല്ലായ്പ്പോഴും കർത്താവിനോടും, സുവിശേഷത്തോടും, പൗലൊസിനോടും കൂറുണ്ടായിരുന്ന ആളായിരുന്നു. പൗലൊസിന്റെ യാത്രയിൽ അടിക്കടി കൂടെയുണ്ടായിരുന്നു, അത് പ്രവൃത്തികളിൽ "ഞങ്ങൾ" (16:10–17; 20:6–16; 21; 27; 28) എന്നു പറയുന്ന ഭാഗങ്ങളിൽ കാണാം. അവൻ രണ്ടാമത്തെ മിഷ്ണറി യാത്രയിൽ, ത്രോവാസിലും ഫിലിപ്പിയയിലും ഉണ്ടായിരുന്നു. അവനെ രണ്ടാമത്തെ സ്ഥലത്ത് വിട്ടിരുന്നതായി തെളിയുന്നു (പ്രവൃത്തികൾ 16:17–19). മൂന്നാമത്തെ യാത്രയുടെ അവസാനം അവൻ വീണ്ടും പൗലൊസിനോടുകൂടെ ഫിലിപ്പിയയിൽ വെച്ചു ചേരുന്നതായി തോന്നുന്നു (പ്രവൃത്തികൾ 20:6), അവൻ അവനോടുകൂടെ യെരുശലേമിലേക്കു പോയി. പിന്നെ കുറെ നാളത്തേക്ക് അവനെ നാം കാണുന്നില്ല. പിന്നെ പെട്ടെന്നു പൗലൊസിന്റെ പാലസ്തീനിൽ നിന്നു റോമിലേക്കുള്ള നീണ്ട അപകടം പിടിച്ച കടൽ – യാത്രയിൽ, അവൻ വീണ്ടും – പ്രത്യക്ഷനാകുന്നുണ്ട് (പ്രവൃത്തികൾ 27). അപ്പൊസ്തലന്റെ ഒന്നാമത്തേയും രണ്ടാമത്തേയും റോമാ തടവിൽ അവൻ അപ്പൊസ്തലനോടുകൂടെയുണ്ടായിരുന്നു (കൊലൊ. 4:14; ഫിലെമോൻ 24; 2 തിമൊ. 4:11). പൗലൊസിനു ഒരു വൈദ്യനും സ്നേഹിതനും ആവശ്യമായിരുന്നു. ലൂക്കൊസ് ഇതു രണ്ടും ആയിരുന്നു. ...
>
> ലൂക്കൊസിലും പൗലൊസിലും പൊതുവായി വളരെയുണ്ടായിരുന്നു. രണ്ടുപേരും വിദ്യാസമ്പന്നരായിരുന്നു, സംസ്ക്കാരം ഉള്ളവരും ആയിരുന്നു. രണ്ടുപേരും ഉയർന്ന ചിന്താഗതിക്കാരും, വിശാല – മനസ്ക്കരും, സഹതാപാർഹരും ആയിരുന്നു. അതിലെല്ലാമുപരി, രണ്ടുപേരും വിശ്വാസികളും മിഷ്ണറിമാരും ആയിരുന്നു.[32]

ആഗ്രഹിച്ച ശിഷ്യൻ മർക്കൊസ് ആയിരുന്നു. പൗലൊസ് പറഞ്ഞു, "... എനിക്കു ശുശ്രൂഷക്കായി ഉപയോഗം ഉള്ളവൻ" (4:11). പുതിയ നിയ

മത്തിൽ ഇതാ ഒരു "വ്യക്തിപരമായ അഭിവൃദ്ധി" സംഭവം. മൂന്നു വ്യത്യസ്ത രംഗങ്ങൾ നാം കാണുന്നു:

രംഗം 1: പിണക്കത്തിന്റെ ഉറവിടമായി നാം മർക്കൊസിനെ കാണുന്നു, *കാരണം* "അവൻ അവരോടുകൂടെ പ്രവർത്തിക്കുവാൻ പോയില്ല" (നോക്കുക പ്രവൃത്തികൾ 15:36–41). ഈ രംഗത്ത് മർക്കൊസ് രണ്ടു വലിയ വേലക്കാരായ, പൗലൊസിനും ബർന്നബാസിനും ഇടയിൽ വെറുപ്പും വിവാദവും ഉളവാക്കി. വേലയിലും പ്രവൃത്തിയിലും പൗലൊസ് ആക്രമിക്കുന്നവനായിരുന്നു. ബർന്നബാസാണെങ്കിൽ ബുദ്ധിമുട്ടുന്നവ നോടുകൂടെ രണ്ടു മൈൽ പോകുവാൻ താല്പര്യപ്പെടുന്നവനായിരുന്നു (നോക്കുക മത്തായി 5:41; പ്രവൃത്തികൾ 4:36, 37; 9:23–30). മർക്കൊസ് അവരോടൊപ്പം പ്രവർത്തിക്കുവാൻ പോകാതിരുന്നതിന്റെ കാരണം എന്തായാലും, അതിനോട് ദയവു കാണിച്ചിരിക്കാൻ, പൗലൊസിന്റെ ആക്രമണ മനോഭാവത്തിനു കഴിഞ്ഞില്ല.

രംഗം 2. ഏതൊരു "പ്രവർത്തന – സംഘത്തിനും" "സുഗമമായി നീങ്ങുവാൻ" മർക്കൊസിനെ സഹോദരന്മാരുടെ കൂട്ടായ്മയിൽ നിന്നു മാറ്റി നിർത്തുന്നതായിട്ടാണ് കാണുന്നത് (ഒരുപക്ഷെ മർക്കൊസിനെ തന്നോടുകൂടെ കൊണ്ടു പോകുവാൻ പൗലൊസ് ആഗ്രഹിച്ചിരിക്കയില്ല). പൗലൊസ് തന്റെ പ്രകടനത്തിൽ അതു തെളിയിച്ചു: "(നിങ്ങൾ ആരെ കുറിച്ചു നിർദ്ദേശങ്ങൾ കേട്ടിരിക്കുന്നുവോ: അവൻ [മർക്കൊസ്] നിന്റെ അടുക്കൽ വന്നാൽ, അവനെ *ചേർത്തുകൊൾക*)" (കൊലൊസ്യർ 4:10; എംഫസിസ് മൈൻ). പൗലൊസ് മർക്കൊസിനെ കുറിച്ചു എന്തുവിചാ രിച്ചാലും, രംഗം 2-ൽ വ്യക്തമാകുന്നതു പൗലൊസ് മർക്കൊസിനെ കൂട്ടാ യ്മയിൽ നിന്നും അകറ്റിയില്ല എന്നതാണ്.

വസ്തുതകൾ ഇല്ലാതിരിക്കെ ഏതെങ്കിലും ഒരു സഹോദരനെ കുറിച്ചോ സഹോദരിയെ കുറിച്ചോ കിംവദന്തികൾ പറഞ്ഞു കേൾക്കു മ്പോൾ, ഇതു ഓർമ്മിക്കുക. ചിലരെ സഹോദരന്മാരിൽ നിന്നു *ഛേദിച്ചു കളയുന്നത്*, തെളിവില്ലാത്ത കിംവദന്തികളുടെ അടിസ്ഥാനത്തിൽ ആയി രിക്കാം! എന്നാൽ പൗലൊസ് തന്റെ പരാമർശങ്ങളാൽ മർക്കൊസിനെ കുറ്റപ്പെടുത്തുകയോ അവനോടു മോശമായി പെരുമാറുകയോ അരുത് എന്നു വ്യക്തമാക്കുന്നു.

രംഗം 3: വൃദ്ധനായ, പൗലൊസ്, മർക്കൊസുമായി ചേർന്നു പ്രവർത്തിക്കുവാനാഗ്രഹിക്കുന്നു, അവൻ ഒരിക്കൽ പൗലൊസിനോടും, പൗലൊസിന്റെ വലിയ സഹപ്രവർത്തകനായിരുന്ന ബർന്നബാസിനോടും എതിർത്തവനായിരുന്നു. ആളുകൾ മാറും. ഈ കാര്യത്തിൽ ആരു മാറി യാലും അത് പൗലൊസ് അല്ലെങ്കിൽ മർക്കൊസ് ആയാലും (അല്ലെങ്കിൽ ഒരുപക്ഷെ രണ്ടുപേരും മാറിയിരിക്കാം), ഇതു ശക്തമായ ഒരു പാഠം തരുന്നു. ചിലപ്പോൾ നാം അനുയോജ്യമായി പ്രവർത്തിക്കേണ്ടിവരും, കൂടാതെ നാം ആ സാധ്യത വ്യാപിപ്പിക്കേണ്ടത്, അവരും, അനുയോജ്യ മാകേണ്ടതിനാണ്. മർക്കൊസ് "ഉപയോഗമുള്ളവൻ"[33] എന്നു കണ്ടിട്ടു ഇപ്പോൾ പൗലൊസ് അവനുമായി ഒത്തു പ്രവർത്തിക്കുവാൻ *ആഗ്രഹി ക്കുന്നു* എന്നതാണ് പ്രധാനം (4:11). എത്ര മഹത്തായ കാര്യമാണ് ഭിന്നാ ഭിപ്രായമുള്ള സഹോദരന്മാർക്ക് – കാലം, സത്യം, വളർച്ച എന്നിവയാൽ –

ആഗ്രഹിക്കത്തക്ക യോജിപ്പ് സ്ഥാപിക്കുവാൻ കഴിയുക എന്നത്.

തയ്യാറുള്ള വിശ്വസ്തനായ ശിഷ്യനായിരുന്നു തിഹിക്കൊസ്, അവനെ ആയിരുന്നു എഫെസൊസിലേക്ക് അയച്ചത് (4:12). എഫെസ്യാ മേഖലയിൽ തിമൊഥെയൊസിനു പകരം ആയിരിക്കാം തിഹിക്കൊസിനെ പൗലൊസ് അയച്ചത് (നോക്കുക 1 തിമൊഥെയൊസ് 1:3), അതുകൊണ്ട് തിമൊഥെയൊസ് വേഗം പൗലൊസിന്റെ അടുക്കൽ വരേണ്ടിയിരുന്നു. ആ മൂന്നുപേരും കഴിഞ്ഞകാലത്ത് ഒരുമിച്ചു ശുശ്രൂഷിച്ചവരായിരുന്നു (നോക്കുക പ്രവൃത്തികൾ 20:1–6).

ബൈബിൾപരമായി അവനെ കുറിച്ചു പറയുന്ന ഓരോ വിവരണവും നോക്കിയാൽ, തിഹിക്കൊസ് നല്ലൊരു പകരക്കാരൻ തന്നെയാണ്. (1) പൗലൊസിന്റെ സന്ദേശം എത്തിക്കുവാൻ മതിയായ വിശ്വസ്തനായിരുന്നു അവൻ (എഫെസ്യർ 6:21, 22; കൊലൊസ്യർ 4:7, 16). (2) അവൻ പ്രിയനും വിശ്വസ്തനുമായ ശുശ്രൂഷകൻ ആയിരുന്നു. (3) "നിനക്ക് അറിയാവുന്നതെല്ലാം" അറിയിക്കുവാൻ കഴിവുള്ള, ഒരു റിപ്പോർട്ട് നല്കുന്നതിലും വിശ്വസ്തനായിരുന്നു അവൻ (എഫെസ്യർ 6:21). (4) അവൻ "ആശ്വസിപ്പിക്കുവാൻ"[34] കഴിവുള്ളവനായിരുന്നു (എഫെസ്യർ 6:22). *ഈ വിവരണങ്ങൾ എല്ലാം ഒരുമിച്ചു ചേർത്താൽ, ഈ കഴിവുള്ള സഹോദരനു ഇടവകകളുടെ ആവശ്യങ്ങൾ എത്രത്തോളം നിറവേറ്റുവാൻ കഴിയുമെന്നോർക്കുക.* 2 തിമൊഥെയൊസിലെ പൗലൊസിന്റെ അപേക്ഷ അവൻ കേട്ടാൽ, എഫെസൊസിലെ സഹോദരന്മാരുടെ ആവശ്യങ്ങൾ നിറവേറ്റുവാൻ തിമൊഥെയൊസ് ഒരു നിമിഷം പോലും വിചാരം ഇല്ലാതിരിക്കയില്ല. തിഹിക്കൊസ് *വിശ്വസ്തനും പ്രവർത്തിക്കാൻ തയ്യാറുള്ളവനുമായിരുന്നു*! എന്തായാലും, തിഹിക്കൊസ് മുൻപു എഫെസൊസിൽ പോയിരുന്നു താനും (എഫെസ്യർ 6:21, 22).

*പൗലൊസിന്റെ അപേക്ഷയിൽ അവന്റെ വ്യക്തിപരമായ അവകാശങ്ങളും ബന്ധപ്പെട്ടിരിക്കുന്നു (4:13).* "കൊണ്ടുവരിക" എന്ന വാക്കിൽ പൗലൊസിന്റെ ആത്മാർത്ഥമായ ആഗ്രഹം തെളിയുന്നു. പുതപ്പും പുസ്തകങ്ങളും,[35] വിശേഷാൽ ചർമ്മലിഖിതങ്ങളും[36] അപേക്ഷയിലെ ആവശ്യങ്ങൾ ആയിരുന്നു. പൗലൊസ് ആവശ്യപ്പെടുന്നതിനെ കുറിച്ചു ബാർക്ക്ലേ ഈ ഉൾക്കാഴ്ച്ച നല്കുന്നുണ്ട്:

> അവനു *പുസ്തകങ്ങൾ* വേണമായിരുന്നു; ... ആ ചുരുളുകൾ സുവിശേഷത്തിന്റെ പ്രതികൾ ആണെന്നു തീർച്ച. അവൻ *ചർമ്മലിഖിതങ്ങളും* ആഗ്രഹിച്ചു. ചർമ്മ ലിഖിതങ്ങൾ രണ്ടിൽ ഒന്നായിരുന്നേക്കാം. അവ പൗലൊസിന്റെ നിയമപരമായ ആവശ്യരേഖകൾ ആയിരുന്നേക്കാം, പ്രത്യേകിച്ചു അവന്റെ റോമാ പൗരത്വ സാക്ഷ്യപത്രമായിരിക്കാം. അതു പഴയ നിയമമായ, എബ്രായ തിരുവെഴുത്തുകളുടെ പ്രതികൾ ആയിരിക്കുവാനാണ് കൂടുതൽ സാധ്യത, കാരണം എബ്രായർക്ക് എഴുതിയ തിരുവെഴുത്തിന്റെ ചുരുളുകൾ മൃഗങ്ങളുടെ ചർമ്മങ്ങളാൽ നിർമ്മിച്ചതായിരുന്നു. എല്ലാറ്റിലുമുപരി, പൗലൊസ് മരണത്തോടടുത്ത് തടവിലായിരുന്നപ്പോൾ ആഗ്രഹിച്ചതു ദൈവവചനവും യേശുവിന്റെ വചനവുമായിരുന്നു.[37]

അതു പൗലൊസിന്റെ ആവശ്യപ്പെടൽ മാത്രമായിരിക്കെ, തിമൊഥെയൊസ് പോയോ, പൗലൊസ് ആവശ്യപ്പെട്ടത് എല്ലാം കൊണ്ടു പോയോ എന്നതിനെ കുറിച്ചു, ആരെങ്കിലും സംശയിക്കുമോ?

### പ്രതിസന്ധികളുടെ മധ്യേ ഉയർന്ന ആത്മവിശ്വാസം (വാ. 14-18)

ഈ ഭാഗം തികച്ചും വ്യക്തിപരം ആയിരിക്ക കൊണ്ടു ("ഞാൻ," "എനിക്ക്," "എന്റെ," "നിങ്ങളുടെ," "നമ്മുടെ" എന്നീ വാക്കുകൾ ഈ അഞ്ചു വാക്യങ്ങളിൽ പന്ത്രണ്ടു പ്രാവശ്യം ഉപയോഗിച്ചിട്ടുണ്ട്), അതു ദൈവിക കാര്യങ്ങളിലെ അവന്റെ അപേക്ഷയുടെ അതിസ്വരവും പിടിവാശിയും ഉൾപ്പെടുന്ന, പൗലൊസിന്റെ വ്യക്തിപരമായ പരീക്ഷണാനുഭവങ്ങളാലുണ്ടായതാണ്. അത്, "തിമൊഥെയൊസേ, എന്റെ കഷ്ടങ്ങളിൽ ദൈവത്തിന്റേയും മനുഷ്യരുടേയും മുൻപിൽ എനിക്കുണ്ടായ അനുഭവങ്ങളാൽ പരീക്ഷണങ്ങളെ എങ്ങനെ കൈകാര്യം ചെയ്യണമെന്നു ഞാൻ പറയാം" എന്ന് പൗലൊസ് പറഞ്ഞതു പോലെ ആയിരുന്നു. പരീക്ഷണ ഘട്ടത്തെ നേരിടുവാൻ പൗലൊസ് ദൈവശ്വാസിയമായ മൂന്നു മാർഗ്ഗരേഖകൾ തിമൊഥെയൊസിനു നല്കുന്നുണ്ട്!

(1) "മനുഷ്യർ നിങ്ങളെ ഉപദ്രവിക്കുമ്പോൾ, അത് കർത്താവിനു വിടുക" (നോക്കുക 4:14, 15). ആ തീരുമാനം ചെമ്പു പണിക്കാരനായിരുന്ന (ലോഹ ജോലി)[38] അലെക്സന്തരിൽ, നിന്നുണ്ടായ അനുഭവത്തിന്റെ വെളിച്ചത്തിലാണ്. അയാൾ പൗലൊസിനു "വളരെ ദോഷം"[39] ചെയ്തു."[40] അലക്സാണ്ടർ രണ്ടു വാദഗതികളും ("നമ്മുടെ പ്രസംഗത്തോടു എതിർക്കുകയും") പ്രവൃത്തികളും ഉപയോഗിച്ചു ("എനിക്ക് വലിയ ദ്രോഹം ചെയ്തു"). "ഉപദ്രവത്തോട്," പൗലൊസ് "വളരെ" എന്നു ചേർത്തത് പരിഗണിച്ചാൽ, എന്തുകൊണ്ടാണ് പൗലൊസ് ഈ അലെക്സന്തരെ പ്രത്യേകമായി പറഞ്ഞിരിക്കുന്നതു എന്നു നമുക്ക് വ്യക്തമാകും.

പൗലൊസിന്റെ അനുഭവം എത്ര അന്യായമായിരുന്നാലും, അവൻ അത്തരം അന്യായ പെരുമാറ്റത്തെ അഭിമുഖീകരിക്കുമ്പോൾ *എങ്ങനെ പ്രതികരിക്കണമെന്ന്* "തീക്ഷ്ണതയോടെ" കാണിച്ചിരിക്കയാണ് (നോക്കുക പ്രവൃത്തികൾ 23:1–5; 16:35–40).

> താൻ തന്നെ അലെക്സന്തരോടു പ്രതികാരം ചെയ്യാതെ, പൗലൊസ് "ഉപദ്രവകാര്യം മുഴുവനായും കർത്താവിൽ വിട്ടു" (ഒത്തുവാക്യം. ആവർത്തന പുസ്തകം 32:35; ഒത്തുവാക്യം. റോമർ 12:17–19; 1 പത്രൊസ് 2:23). അതുകൊണ്ടു, അവൻ ഉടനെ കൂട്ടിച്ചേർത്തു, *അവന്റെ പ്രവൃത്തികൾക്കനുസരിച്ച് (നല്ല വിലയിരുത്തൽ) അവനു പകരം ചെയ്യും.* ഇതു തെറ്റിനെ നിലനില്ക്കുവാൻ അനുവദിക്കുന്ന കീഴ്പ്പെടലല്ല. അതു വിചാരണ ഭൂമിയിൽ നടത്തുന്നതിനേക്കാൾ മെച്ചമായി നടത്തുവാനും വിധിക്കുവാനും കഴിവുള്ള ന്യായാധിപതിയിൽ ഏല്പിക്കലാണ്! ക്രിസ്തു ന്യായവിധിക്കായി മടങ്ങിവരുമ്പോൾ, അലെക്സന്തർ ചെയ്തതു അവൻ ഒരിക്കലും മറക്കുക

> യില്ല, എന്നാൽ *അവനു തക്ക പ്രതിഫലം കൊടുക്കും* (അതേ ക്രിയ യാണ് വാക്യം 8-ൽ ഉള്ളത്, എന്നാൽ അവിടെ അനുകൂല അർത്ഥ ത്തിലാണ് ഉപയോഗിച്ചിരിക്കുന്നത്). ശ്രദ്ധിക്കുക സങ്കീ. 62:12; സദൃശ. 24:12; മത്താ. 25:31-46; യോഹന്നാൻ 5:28 മുതൽ; റോ. 2:6; 2 കൊരി. 11:15; വെളി. 2:23; 20:13.[41]

(2) "എല്ലാവരും നിങ്ങളെ വിട്ടു പോകുമ്പോൾ, യേശുവിനെ പോലെ ആകുക" (നോക്കുക 4:16; ലൂക്കൊസ് 23:34; പ്രവൃത്തികൾ 7:59, 60). പ്രതിരോധത്തിനു തന്റെ ഭാഗത്ത് ആരും ഇല്ലാതിരുന്ന ഒരു സമയം പൗലൊസ് ഓർമ്മിച്ചു (നോക്കുക 2 തിമൊഥെയൊസ് 1:15). അതുകൊണ്ട് ഒനേസിഫോരെസ് (1:16) ലൂക്കൊസ് (4:11) എന്നിവരെ പൗലൊസ് അധികം കണക്കാക്കിയതിൽ ഒരതിശയവുമില്ല. തിമൊഥെയൊസ് അത്തരം ഒരു സ്നേഹിതനും സഹ പ്രവർത്തകനും ആയതുകൊണ്ടാണ്, വേഗം തന്റെ അടുക്കൽ വരുവാൻ തിമൊഥെയൊസിനോടു പൗലൊസ് ആവശ്യപ്പെട്ടത്.

തിമൊഥെയൊസ് സമയത്ത് എത്തിയാലും ഇല്ലെങ്കിലും, പൗലൊ സിന്റെ മനസ്സിൽ സമാധാനം നിറഞ്ഞിരിക്കും. അത്തരം അനുഭവത്തി ലായിരുന്ന അവന്റെ മനോഭാവം ("... അത് അവനു എതിരായി കണക്കി ടാതിരിക്കട്ടെ"; 4:16) പിടിച്ചുകൊള്ളുന്നത് മനോഹരമാണ്! അവൻ ആളു കൾക്കെതിരായി നില്ക്കുവാൻ കാരണം അവനു അപ്പോഴത്തെ പ്രതി സന്ധികളിൽ ആത്മവിശ്വാസം ലഭിക്കേണ്ടതിന് അവന്റെ വിശ്വാസം പുറ കോട്ടും മുൻപോട്ടും പോയതുകൊണ്ടാണ്. ഈ സത്യത്തെ തെറ്റിദ്ധരി ക്കരുത്. യേശുവും സ്തെഫാനൊസും ചെയ്തതുപോലെ, നിങ്ങളെ ഉപ ദ്രവിക്കുന്ന ശത്രുക്കളോടു നിങ്ങൾ ക്ഷമിക്കുമ്പോൾ, പിശാചിനോടു എതിർക്കുവാനുള്ള ശക്തി സംഭരിച്ചു ദൈവത്തിന്റേയും മനുഷ്യരുടേയും മുൻപായി നിങ്ങൾ വിജയം ഉറപ്പിക്കുകയാണ് (മർക്കൊസ് 15:39).

(3) "ആളുകൾ നിങ്ങളെ വിട്ടുപോകുമ്പോൾ, കർത്താവു എന്നോ ടൊപ്പം ഉണ്ടായിരുന്നതുപോലെ, അവൻ നിങ്ങളോടൊപ്പം ഉണ്ടാകും" (നോക്കുക 4:17, 18). പൗലൊസ് നേരിട്ടതുപോലെയുള്ള സമയം തിമൊ ഥെയൊസിനു വന്നാൽ, പ്രസംഗിക്കുന്നതിനു അവന്റെ മാതൃക എടു ക്കുവാനാണ്, പൗലൊസ് തിമൊഥെയൊസിൽ നിന്നും ആഗ്രഹിച്ചത്:

"മുഴുവനും പ്രസംഗിക്ക." പൗലൊസ് പറഞ്ഞു, "കർത്താവു എനിക്കു തുണ നിന്നു എന്നെ ശക്തീകരിച്ചു"[42] (4:17). തനിക്കു ലഭിച്ച ശക്തി കർത്താവിൽ നിന്നാണെന്നു അവൻ തിരിച്ചറിഞ്ഞു (മത്തായി 28:20) ബലവും (ഫിലിപ്പിയർ 4:13; എഫെസ്യർ 3:20, 21). ക്രിസ്ത്യാനിക ളിൽ കർത്താവിന്റെ ശക്തി വന്നു കഴിഞ്ഞാൽ അത്ഭുതകരമായ ഫലമാ യിരിക്കും അനുഭവപ്പെടുക.

വാക്യം 17 തുടരുന്നു, "... പ്രസംഗം എന്നെക്കൊണ്ടു നിവർത്തിപ്പാ നും. ..." തിമൊഥെയൊസിനോടു പൗലൊസ് ആദ്യം ചെയ്യുവാൻ പറ ഞ്ഞതായിരുന്നു പൗലൊസ് ചെയ്തു കഴിഞ്ഞത് (4:5). *അവൻ തന്റെ ശുശ്രൂഷ നിവർത്തിച്ചു കഴിഞ്ഞു.* വാക്യം 5 ലും (*പ്ലേരോഫോറേസോ*) വാക്യം 17 ലും (*പ്ലേരോഫോറേത്തേ*) "നിവർത്തിക്കുക" എന്നതിനു ഉപ യോഗിച്ചിരിക്കുന്നത് ഒരേ ഗ്രീക്കു മൂല വാക്കാണ്.

"*എല്ലാവരും* കേൾക്കേണ്ടതിനു പ്രസംഗിക്ക - അല്ലെങ്കിൽ നിങ്ങളെ ആരുടെ അടുക്കലേക്ക് അയച്ചുവോ അവരോട് പ്രസംഗിക്ക" (നോക്കുക പ്രവൃത്തികൾ 9:15, 16; 22:14, 15; 26:16–18, 22, 23; 19:10; റോമർ 15:18–21; കൊലൊസ്യർ 1:23; മർക്കൊസ് 16:15, 16). അവൻ പറഞ്ഞു, "... സകല ജാതികളും കേൾക്കേണ്ടതിനു."

"നിങ്ങളെ വിടുവിക്കേണ്ടതിനു പ്രസംഗിക്ക." "എന്നെ വിടുവിച്ചു" എന്നു പൗലൊസ്, ഉറപ്പിച്ചു പറഞ്ഞു.

നമ്മുടെ വിടുവിപ്പ്

| | |
|---|---|
| കർത്താവു നമ്മെ വിടുവിക്കും | "സിംഹങ്ങളുടെ വായിൽ നിന്നു"[43] (വാ. 17) |
| | "സകല ദുഷ്പ്രവൃത്തികളിൽ നിന്നും" (വാ. 18) |
| | → "അവന്റെ സ്വർഗ്ഗീയ രാജ്യത്തിലേക്ക്" (വാ. 18) |

അവൻ ഉപസംഹരിച്ചു, "... അവന്നു എന്നേക്കും മഹത്വം. ആമേൻ."

യൂദാ 23-ൽ ചിലരെ തീയിൽ നിന്നു വലിച്ചെടുക്കുവാൻ യൂദാ പറയുമ്പോൾ, അപ്പൊസ്തലനായ പൗലൊസിനോടു കർത്താവു ചെയ്തതിനേക്കാൾ കൂടുതൽ ചെയ്യുവാനല്ല അവൻ പറഞ്ഞത്! തനിക്കുള്ളവരെ കർത്താവു സംരക്ഷിക്കുകയും, തന്റെ പ്രതിസന്ധികളുടെ നിമിഷങ്ങളിൽ നിന്നു നാം അതു അറിയുവാനും പൗലൊസ് ആഗ്രഹിച്ചു!

## ഉപസംഹാര വിവരണങ്ങൾ
## (വാ. 19-22)

നാം ഇപ്പോൾ എത്തിയിരിക്കുന്നതു ലേഖനത്തിന്റെ ഉപദേശമോ, പ്രഖ്യാപനമോ ആവശ്യപ്പെടാത്ത ഭാഗത്താണ്, അതു വായിക്കുമ്പോൾ നാം പലപ്പോഴും ആ വാക്യങ്ങളിൽ പഠിക്കത്തക്കതൊന്നുമില്ല എന്ന ധാരണയാൽ വെറുതെ വായിച്ചു വിടും. ആ വാക്കുകൾ ദൈവം തീർച്ചയായും വില കല്പിക്കുന്നുണ്ട്, അല്ലെങ്കിൽ ആത്മാവു അവ ദൈവത്തിന്റെ നിയമത്തിൽ ഉൾപ്പെടുത്തുകയില്ല. ഉപസംഹാര വിവരണങ്ങളിൽ പറയുന്നത് മുഖ്യ വ്യക്തികളെയും പൗലൊസിന്റെ വ്യക്തിപരമായ ആഗ്രഹങ്ങളേയും ആണ്.

19 ഉം 20 ഉം വാക്യങ്ങളിൽ പൗലൊസ് പറഞ്ഞ വ്യക്തികളെ നമുക്ക് ഒന്നു പരിശോധിക്കാം:

തന്റെ കഴിഞ്ഞ കാല വേലയിൽ പൗലൊസിനു പ്രിയപ്പെട്ടവരായിരുന്നു പ്രിസ്ക്കയും അക്വിലാവും (പ്രവൃത്തികൾ 18:2, 18, 26; റോമർ 16:3; 1 കൊരിന്ത്യർ 16:19). പൗലൊസ് അവരോടുകൂടെ താമസിക്കയും, പ്രവർത്തിക്കുകയും, അവരെ സ്നേഹിക്കുകയും ചെയ്തിരുന്നു. തന്നെയുമല്ല, അവർ തങ്ങളുടെ പ്രാണൻ പോലും പൗലൊസിനു വേണ്ടി വെച്ചുകൊടുത്തവരായിരുന്നു (റോമർ 16:3, 4).

പൗലൊസിനു വിലപ്പെട്ട മറ്റൊരാളായിരുന്നു ഒനേസിഫൊരേസ്. അവൻ പൗലൊസിനെ അന്വേഷിച്ചു ചെന്നു റോമിലെ തടവിൽ,[44] "ആശ്വ

സിപ്പിക്കുക" യും അവിടെയും എഫെസൊസിലും വിലയേറിയ ശുശ്രൂഷ നടത്തുകയും ചെയ്തു.

എരസ്തോസ് തിമൊഥെയൊസിനോടുകൂടെ യാത്ര ചെയ്തവനായിരുന്നു (പ്രവൃത്തികൾ 19:22). എരസ്തോസ് അപ്പോൾ എവിടെ പ്രവർത്തിക്കുന്നുവെന്നു അറിയുവാൻ തിമൊഥെയൊസിനു ആഗ്രഹമുണ്ടാകുമെന്നു പൗലൊസിനറിയാമായിരുന്നു. പൗലൊസിന്റെ ചിന്തയിൽ നിന്നു എരസ്തോസ് കൊരിന്തിലായിരുന്നു എന്നു നമുക്ക് അറിയാം (4:20). ആശയവിനിമയത്തിലൂടെ നമുക്ക് പരസ്പരം പ്രബോധിപ്പിക്കുന്നതിനും, ആത്മിക വർദ്ധനവിനു സഹായിക്കുവാനും കഴിയും എന്നു ഈ സൂചനാചിത്രീകരണത്തിലൂടെ, നമുക്കു മനസ്സിലാക്കാം.

തിമൊഥെയൊസിനോടും പൗലൊസിനോടും കൂടെ യാത്ര ചെയ്തവനായിരുന്നു ത്രോഫിമോസ് (പ്രവൃത്തികൾ 20:4, 5), എഫെസൊസിൽ വെച്ചു അവൻ മനഃപൂർവ്വമല്ലാതെ ചില കുഴപ്പം പൗലൊസിനു ഉണ്ടാക്കിയിട്ടുമുണ്ട് (പ്രവൃത്തികൾ 21:29). രോഗം മൂലം, അവനെ (പൗലൊസിനോടുകൂടെ യാത്ര ചെയ്യാതെ) മിലേത്തിൽ വിട്ടേച്ചു പോയി. അതുകൊണ്ടായിരുന്നു ത്രോഫിമോസ് റോമിൽ നിന്നു വന്ദനം അറിയിക്കാതിരുന്നത്.

കർത്തൃവേലയിലായിരിക്കുന്ന അവന്റെ ജനത്തിനും രോഗം വരാം (നോക്കുക 2 രാജാക്കന്മാർ 13:14; 20:1; ഗലാത്യർ 4:13; ഫിലിപ്പിയർ 2:25–27; 1 തിമൊഥെയൊസ് 5:23), എന്നാൽ അതിൽ ദൈവജനം ഭയപ്പെട്ടു കർത്താവിന്റെ വേല കുറക്കുകയോ അതിൽ നിന്നു പിൻമാറുകയോ ചെയ്യരുത്. അവൻ നമ്മോടുകൂടെയിരുന്നു "സകല ദുഷ്പ്രവൃത്തിയിൽ നിന്നും" വിടുവിക്കും (4:18). റഷ്യയിലേക്കുള്ള ഒരു മിഷ്ണറി യാത്രയിൽ ആയിരുന്ന അബിലിൻ ക്രിസ്ത്യൻ യൂണിവേഴ്സിറ്റിയിൽ പഠിച്ചിരുന്ന യുവതി മരിക്കത്തക്ക അവസ്ഥയിലായി. അവൾക്കു മരുന്നും ചികിത്സയും ലഭ്യമായി എന്നു മാത്രമല്ല, അടുത്ത വർഷം അവൾ അതേ മേഖലയിൽ തിരിച്ചുവന്നു കർത്താവിനെ സേവിച്ചു. അവൻ എല്ലായ്പ്പോഴും നമ്മോടുകൂടെ ഉള്ളതുകൊണ്ട് (മത്തായി 28:20), നമുക്കു എപ്പോഴും അവനു വേണ്ടി പ്രവർത്തിക്കുവാൻ കഴിയും!

യൂബൂലൊസ് തിമൊഥെയൊസിനു അറിയാവുന്ന ആളായിരുന്നു, എന്നാൽ ഈ വാക്യത്തിനപ്പുറമായി നമുക്ക് അവനെ കുറിച്ചു അറിയില്ല.

പൂദെസ്, ഇതിഹാസപ്രകാരം, പത്രൊസിനാൽ പരിവർത്തനം ചെയ്യപ്പെട്ട ഒരു റോമാസെനറ്റർ ആയിരുന്നു.[45]

ലീനൊസ്, ദൈവശ്വാസിയമല്ലാത്ത പാരമ്പര്യ പ്രകാരം, പിന്നീട് റോമിലെ ബിഷപ്പായി തീർന്നു,[46] എന്നാൽ ഇതു വാസ്തവമായിരുന്നോ എന്നു പലരും സംശയിക്കുന്നു. കത്തോലിക്കരുടെ പോപിന്റെ ലിസ്റ്റിൽ അവൻ വരുന്നുണ്ടെങ്കിലും തീർച്ചയായും, അവൻ ഒരിക്കലും "പോപ്പ്," ആയിരുന്നു എന്നതിന് രേഖയില്ല.

ക്ലൌദിയ ലീനൊസിന്റെ അമ്മയായിരുന്നു എന്നു പറയപ്പെടുന്നു.[47]

ഈ സമയത്തു പൗലൊസിന്റെ വ്യക്തിപരമായ ആഗ്രഹങ്ങൾ മൂന്നായിരുന്നു:

1. "ശീതകാലത്തിനു മുൻപേ വരുവാൻ ശ്രമിക്ക" (4:21). ഒക്ടോ

ബർ മുതൽ ഏപ്രിൽ വരെ മദ്ധ്യധരണി കടലിലൂടെയുള്ള യാത്ര അപകടകരമാണെന്നു തന്റെ അനുഭവത്തിലൂടെ പൗലൊസിന് (നോക്കുക പ്രവൃത്തികൾ 27) അറിയാമായിരുന്നു. പലരും അതിനു തുനിയുമായിരുന്നില്ല. കപ്പൽ യാത്ര നിർത്തിവച്ചു. താമസിച്ചാൽ ഈ ഭൂമിയിൽ വെച്ചു ഇനി തിമൊഥെയൊസിന്റെ മുഖം കാണുകയില്ല എന്നു പൗലൊസിന് അറിയാമായിരുന്നു (നോക്കുക 1:3, 4). കൂടാതെ, ശൈത്യം അടുത്തതുകൊണ്ടു, തടവിൽ തന്റെ പുതപ്പു പ്രയോജനം ചെയ്യും എന്നു അവൻ തിരിച്ചറിഞ്ഞു (4:13).

പല പ്രസംഗങ്ങളും "ശീതകാലത്തിനു മുമ്പെ വരിക," എന്ന വിഷയത്തെ ആസ്പദമാക്കി പ്രസംഗിച്ചിട്ടുള്ളത് പ്രിയപ്പെട്ടവരെ വന്ദനം ചെയ്യുവാനോ, തെറ്റു തിരുത്തുവാനോ, സമ്മാനം അയക്കുവാനോ, ആവശ്യമുള്ള ഒരാളെ സഹായിക്കുവാനോ, പ്രത്യുപകാരം ചെയ്യുവാനോ, ഏതെങ്കിലും ആത്മാവിനോടു ക്ഷമിക്കുവാനോ, നഷ്ടപ്പെടുന്ന ആത്മാവിനെ കണ്ടെത്തുവാനോ, നിങ്ങളുടെ ഉള്ളിലുള്ള സ്നേഹം മറ്റൊരാളോടു പ്രകടിപ്പിക്കുവാനോ, അല്ലെങ്കിൽ ചെയ്യേണ്ടതായ മറ്റേതെങ്കിലും പ്രവൃത്തികൾ ചെയ്യുന്നതിനോ താമസിക്കരുത് എന്ന് ആളുകളെ ഉപദേശിക്കുന്നതിനായിരുന്നു! നാളെ എന്നതു വളരെ വൈകിപ്പോകും!

*നാമെല്ലാം സൗമ്യതയോടെ കരുതുകയും ആശിക്കുകയും ചെയ്യുന്നതു തിമൊഥെയൊസ് പൗലൊസിന്റെ അടുക്കൽ എത്തുവാൻ താമസിച്ചില്ല എന്നല്ലേ? ശീതകാലത്തിനു മുൻപേ തന്നെ – തിമൊഥെയൊസ് പൗലൊസിന്റെ അടുക്കലെത്തുകയും അവന്റെ ആവശ്യങ്ങളെല്ലാം നിറവേറ്റുകയും ചെയ്തു എന്ന് കരുതുവാനാണ് നാം ആഗ്രഹിക്കുന്നത്!*

2. "യേശുക്രിസ്തു നിന്റെ ആത്മാവോടുകൂടെ ഇരിക്കട്ടെ ..." (4:22; നോക്കുക 1:7). പൗലൊസ് തിമൊഥെയൊസിനോടു പറഞ്ഞതു, "*നീ കർത്താവിനെ പോലെ ചിന്തിക്കുന്നു* എങ്കിൽ, ഈ 'യാത്രാമൊഴി പ്രസംഗത്തിൽ' പറഞ്ഞതായ അപേക്ഷയും ഉദ്ദേശവും നിറവേറ്റുക!"

3. "കൃപ നിന്നോടുകൂടെ ഇരിക്കുമാറാകട്ടെ." അവനും തിമൊഥെയൊസിനും ആ *കൃപ* മതി എന്നു അവനറിയാമായിരുന്നു, അതുകൊണ്ടു ബലഹീനതയിലും, ശക്തരാകുവാൻ അവർക്കു കഴിഞ്ഞു (എഫെസ്യർ 6:10–13).

**ചുരുക്കത്തിൽ**

വൈകാരികത വ്യാപിച്ചു, വ്യക്തിപരമായ അപേക്ഷകളുടെ സ്പന്ദനത്തിൽ, വിശ്വാസത്തിനും ആത്മാർത്ഥതക്കും വേണ്ടതായ കല്പനകളും ഇടകലർത്തി, അങ്ങനെ അപ്രധാനപ്പെട്ട ലേഖനം അവസാനിപ്പിക്കുന്നു. ആൽബെർട്ട് ബാർനെസ് വിശദമാക്കി,

> ഏറ്റവും പ്രധാനപ്പെട്ട ഒരപ്പൊസ്തലന്റെ മരണ സമയത്തെ ഉപദേശമായി ശുശ്രൂഷാ രംഗത്തേക്കു കടന്നുവന്ന ഒരാൾക്ക് ഈ ലേഖനത്തെ കണക്കാക്കാം. ആ നല്ലവനും വലിയവനുമായവന്റെ അവസാന വാക്കുകൾ നാം ചെയ്യും എന്ന ഉദ്ദേശത്തോടെ നാം ഇതു വായിക്കണം. ... അവന്റെ ആഗ്രഹങ്ങൾ പ്രകടിപ്പിക്കുവാൻ, വളരെ

കുറച്ചു സമയം മാത്രമെയുള്ളൂ എന്നതിനാൽ, തന്റെ ഹൃദയത്തിൽ അടുത്തു കിടക്കുന്ന വിഷയങ്ങളും, പ്രധാനമെന്നു അവൻ കരുതിയതും അവൻ തിരഞ്ഞെടുക്കും. അത്തരം ഒരാളുടെ കാൽക്കീഴിൽ ഇരുന്നു, അവന്റെ അവസാന വാക്കുകൾ കേൾക്കുന്നതിനേക്കാൾ, വലിയ സ്ഥാനം വേറൊന്നില്ല. അതുകൊണ്ടു, ഒരു യുവ സുവിശേഷകന്, ഈ ലേഖനം വളരെ വിലയുള്ളതാണ്; ഏതൊരു ക്രിസ്ത്യാനിക്കും, ജാതികളുടെ അപ്പൊസ്തലനായി പ്രവർത്തിച്ച അപ്പൊസ്തലന്റെ അവസാന വാക്കുകൾ ശ്രദ്ധിക്കുന്നതു പരാജയമാകയില്ല എന്നു മാത്രമല്ല, തന്റെ താലന്തുകളും ജീവിതവും സമർപ്പിച്ച [പ്രഖ്യാപനം] തന്റെ മതത്തിനുവേണ്ടി അവന്റെ ജീവിതാവസാന സാക്ഷ്യങ്ങളെ മനസ്സിൽ ധ്യാനിക്കുകയും വേണം.[48]

അതുകൊണ്ടു, ഇവിടെ എഴുതിയിരിക്കുന്നതിനു മാത്രമല്ല പ്രാധാന്യമുള്ളത്, എഴുതിയ ആൾക്കുമുണ്ട്. അവൻ ക്രിസ്തുവിന്റെ അനുകാരിയായിരിക്കയാൽ നമ്മോട് അവനെ അനുകരിക്കുവാൻ പറഞ്ഞിരിക്കുന്നതിൽ അതിശയമില്ല (1 കൊരിന്ത്യർ 11:1). യേശു ഗോൽഗോഥാ മലയിലേക്ക് മഹത്വത്തോടെ പോയതുപോലെ, തന്നെ *റോമിലെ ഇരുണ്ട തടവറ പൗലൊസ് ആത്മവിശ്വാസത്തിന്റേയും, ധൈര്യത്തിന്റേയും, കീഴടക്കലിന്റേയും ആഘോഷമുറിയാക്കി മാറ്റി!*

ദൈവഭക്തിയോടെ ജീവിക്കുമ്പോൾ ഉണ്ടാകുന്ന പരീക്ഷണങ്ങളുടേയും പരിശോധനകളുടേയും മദ്ധ്യേ, ക്രിസ്ത്യാനികൾ സ്ഥിരത കൈവരിക്കണമെന്നു, പൗലൊസ് വിശുദ്ധ ഹൃദയത്തോടും ദൈവശ്വാസിയ സന്ദേശത്തോടും കൂടെ തിമൊഥെയൊസിനു അവസാനമായി എഴുതുന്നു. അവന്റെ മഹത്തായ ജീവിതം അവന്റെ പേനയിലൂടെ ഒഴുകി, ഓരോ വരിയിലും അടിവരയിട്ടിരിക്കുന്നതു മാതൃകയുടെ പ്രതിധ്വനിയാണ്!

---

### *മാറ്റുന്ന ക്രിസ്തുവിന്റെ ശക്തി*

അന്ത്യകാലത്ത് ആളുകൾ ഭക്തിയുടെ വേഷം ധരിച്ചു അതിന്റെ ശക്തി ത്യജിക്കും എന്നു പൗലൊസ് തിമൊഥെയൊസിനോടു പറഞ്ഞു. വില്യം ബാർക്ലെ എഴുതി:

> മതത്തിന്റെ വേഷം കെട്ടി നടക്കുന്നവർക്ക് അന്ത്യനാളിൽ ശിക്ഷാവിധിയുണ്ടാകും, എന്നാൽ അവർ ഭക്തിയുടെ ശക്തി ത്യജിക്കുന്നവരായിരിക്കും. അതു പറയുന്നത് എന്തെന്നാൽ, അവർ തങ്ങളുടെ സമ്പ്രദായത്തിലെ വിശ്വാസപ്രമാണം ഉരുവിടും, അവർ പ്രസ്ഥാനത്തിന്റെ ശരിയായ ... ആരാധനക്കും പോകും; അവർ എല്ലാ പുറമെ യുള്ള മതപരമായ രീതികളും നിലനിർത്തും; എന്നാൽ മനുഷ്യ ജീവിതത്തെ മാറ്റുന്ന ഊർജ്ജസ്വലശക്തിയുള്ള മതത്തെ കുറിച്ചു അവർക്ക് ഒന്നും അറിയില്ല. ... മതത്തിന്റെ ഏറ്റവും വലിയ പ്രതിസന്ധി കൊടും പാപിയല്ല, എന്നാൽ വഴങ്ങാൻ കൂട്ടാക്കാത്ത സമ്പ്രദായ സമ്മേളനത്തിൽ അന്തസു കാണിക്കുന്നവരും,

യഥാർത്ഥ മതം മനുഷ്യന്റെ വ്യക്തിജീവിതത്തെ മാറ്റുന്നതാണെന്നു പറയുമ്പോൾ ഭയമുള്ളവരുമാണ്. ക്രിസ്തുവിന്റെ മാറ്റം വരുത്തുന്ന ശക്തിയാൽ വ്യക്തിപരമായ മാറ്റം വരുത്തുവാൻ തയ്യാറാകാതെ ആർക്കും ക്രിസ്ത്യാനിത്വത്തോടു അടുക്കുവാൻ പോലും സാധ്യമല്ല.[49]

നാം ഭക്തിയുടെ വേഷം ധരിച്ചു അതിന്റെ ശക്തി ത്യജിക്കുകയാണോ? നമ്മെ മാറ്റുവാൻ നാം ക്രിസ്തുവിനെ അനുവദിക്കുന്നുണ്ടോ?

---

കുറിപ്പുകൾ

[1]പ്രത്യക്ഷപ്പെടൽ (ഗ്രീക്ക്.: *എപിഫാനെയിയാ*) – ഇത് "പ്രത്യേകിച്ചു റോമാ ചക്രവർത്തിയുമായുള്ള ബന്ധത്തിലുള്ള വാക്കാണ്. അവന്റെ സിംഹാസനത്തിലേക്കുള്ള വരവിനെയാണ് *എപിഫാനെയിയാ* എന്നു പറയുന്നത്; പ്രത്യേകിച്ചു – അതായിരുന്നു അവിടത്തെ പൗലൊസിന്റെ ചിന്തയുടെ പശ്ചാത്തലം – ചക്രവർത്തി ഏതൊരു നാട്ടിലേക്കോ ടൗണിലേക്കോ സന്ദർശനം നടത്തുന്നതിനെ സൂചിപ്പിക്കുന്നതിനു അത് ഉപയോഗിക്കുന്നു" (വില്യം ബാർക്ലേ, *ദ ലെറ്റേഴ്സ് ടു ടിമൊഥി, ടൈറ്റസ് ആന്റ് ഫിലേമോൻ*, ദ ഡെയിലി സ്റ്റഡി ബൈബിൾ സീരീസ്, റെവ. എഡി. [ഫിലദെൽഫിയ: വെസ്റ്റ്മിൻസ്റ്റർ പ്രെസ്, 1960], 233). [2]ഇബിഡ്. [3]ആൽഫ്രെഡ് മാർഷൽ, *ദ ആർ.എസ്.വി. ഇന്റർലീനിയർ ഗ്രീക്ക് – ഇംഗ്ലീഷ് ന്യൂ ടെസ്റ്റമെന്റ്* (ഗ്രാന്റ് റാപ്പിഡ്സ്, മൈക്ക്.: സോണ്ടർവാൻ, 1970), 842. [4]പ്രസംഗിക്ക (ഗ്രീക്ക്.: *കെറോസോൺ*) – "അറിയിക്കുന്നവൻ അല്ലെങ്കിൽ പരസ്യമായി പ്രഖ്യാപിക്കുന്നവൻ ... പരസ്യമായി അറിയിക്കുന്നവൻ, പരസ്യപ്പെടുത്തൽ ... മത്താ. 10:27 ... ലൂക്കൊ. 12:3; പ്രവൃത്തികൾ 10:42. ... [പ്രത്യേകിച്ചു] മതപരമായ സത്യം പ്രസംഗിക്കുക, കടമയോടും നേട്ടത്തോടും കൂടെ സുവിശേഷം പ്രസംഗിക്കുക ... 1 പത്രൊ. 3:19 ... പ്രവൃത്തികൾ 20:35; 28:31 ... 1 കൊരി 9:27 ... കൊലൊ. 1:23 ... 2 തിമൊ. 4:2" (എഡ്വേർഡ് റോബിൻസൺ, *ഏ ഗ്രീക്ക് & ഇംഗ്ലീഷ് ലെക്സിക്കൺ ഓഫ് ദ ന്യൂ ടെസ്റ്റമെന്റ്* [ന്യൂയോർക്ക്: ഹാർപ്പർ & ബ്രദേഴ്സ്, 1863], 398–99). [5]ഒരുങ്ങിയിരിക്കുക (ഗ്രീക്ക്.: *എപിസ്റ്റേത്തി*) – "തയ്യാറായി നില്ക്കുക, ... ഉടനെ, ഒരുങ്ങുക, താല്പര്യപ്പെടുക ... വേഗമാകുക ... 2 തിമൊ. 4:6" (റോബിൻസൺ, 310). [6]തർജ്ജനം (ഗ്രീക്ക്.: *എലെഗ്സോൺ*) – "പ്രകാശത്തിലേക്കു കൊണ്ടുവരിക, വെളിപ്പെടുത്തുക, തിത്തൊ. 2:15 ... പ്രദർശിപ്പിക്കുക, തെളിയിക്കുക ... ബോധ്യപ്പെടുത്തുക അല്ലെങ്കിൽ ആരെയെങ്കിലും തെര്യപ്പെടുത്തുക ... തിരുത്തുക ... 2 തിമൊ. 4:2 ..." (വാൾട്ടർ ബാവെർ, *ഏ ഗ്രീക്ക് – ഇംഗ്ലീഷ് ലെക്സിക്കൺ ഓഫ് ദ ന്യൂ ടെസ്റ്റമെന്റ് ആന്റ് അദർ ഏർലി ക്രിസ്റ്റ്യൻ ലിറ്ററേച്ചർ*, 2–ാം എഡി., റെവ. വില്യം എഫ്. ആംണ്ട് ആന്റ് എഫ്. വിൽബർ ജിംജ്റിച്ച് [ഷിക്കാഗോ: യൂണിവേഴ്സിറ്റി ഓഫ് ഷിക്കാഗോ പ്രെസ്, 1957], 248–49). [7]ശാസിക്കുക (ഗ്രീക്ക്.: *എപിറ്റിമേസോൺ*) – "തർജ്ജനം ചെയ്യുക, തിരുത്തുക, കൂടാതെ ഗൗരവമായി സംസാരിക്കുക, ഒരു പ്രവൃത്തിയെ തടയേണ്ട മുന്നറിയിപ്പ് ... മത്താ. 12:16; 16:20; 20:31. ലൂക്കൊസ് 18:39 ... ശിക്ഷിക്കുക" (ആംണ്ട് ആന്റ് ജിംജ്റിച്ച്, 303); "... ശിക്ഷ വിധിക്കുക, നല്കുക ... യോഗ്യ

മായ പിഴ ... തെറ്റിനുള്ള ചുങ്കം, പിഴ, ശിക്ഷ ... കഠിനമായി ശിക്ഷിക്കുക ... ഒരാളുടെ തെറ്റിനെ കുറ്റപ്പെടുത്തുക ... പ്രബോധിപ്പിക്കുക അല്ലെങ്കിൽ കഠിനമായി കുറ്റപ്പെടുത്തുക ... മത്താ. 16:22 ... മർക്കൊ. 8:30" (സി. ജി. വിൽക്കേ ആന്റ് വിലിബാൾഡ് ഗ്രിം, *ഏ ഗ്രീക്ക് – ഇംഗ്ലീഷ് ലെക്സിക്കൺ ഓഫ് ദ ന്യൂ ടെസ്റ്റമെന്റ്*, ട്രാൻസ്. ആന്റ് റെവ. ജോസഫ് എച്ച്. തേയർ [എഡിൻബറോ, സ്ക്കോട്ട്ലന്റ്: റ്റി. & റ്റി. ക്ലാർക്ക്, 1901; റീപ്രിന്റ് എഡി., ഗ്രാന്റ് റാപ്പിഡ്സ്, മൈക്ക്.: ബേക്കർ ബുക്ക് ഹൗസ്, 1977], 245). [8]പ്രബോധിപ്പിക്ക (ഗ്രീക്ക്.: *പാരാകലേസോൺ*) – "ഒരാളുടെ ഭാഗത്തേക്കു വിളിക്കുക ... ക്ഷണിക്കുക ... ആരെയെങ്കിലും ... വിളിക്കുക ... അപേക്ഷിക്കുക, യാചിക്കുക, പ്രോത്സാഹിപ്പിക്കുക, ഉത്തേജിപ്പിക്കുക ... 2 കൊരി. 5:20 ... 1 തി. 2:1 ... 2 തിമൊ. 4:2; തിത്തൊ. 1:9; എബ്രാ. 10:25; 1 പത്രൊ. 5:12 ..." (ആംണ്ട് ആന്റ് ജിംജ്റിച്ച്, 622–23). [9]സഹിക്കുക (ഗ്രീക്ക്.: *അനേക്കോമായി* അല്ലെങ്കിൽ *എനേക്കോ*) – "സഹിക്കുക, പൊറുക്കുക ... നിങ്ങൾ സഹിക്കുന്ന പരീക്ഷകൾ ... 2 തെ. 1:4 ... നമ്മെ ഉപദ്രവിക്കുമ്പോൾ നാം അതു സഹിക്കുന്നു, 1 കൊരി. 4:12 ... വളരെ എളുപ്പത്തിൽ അതിനെ നേരിടുന്നു, 2 കൊരി. 11:4 ... സഹിക്കുക, *ശ്രദ്ധിക്കുക* എന്ന അർത്ഥത്തിൽ അല്ലെങ്കിൽ *മനസോടെ ശ്രദ്ധിക്കുക* ... എബ്രാ. 13:22 ... 2 തി. 4:3 ... ഒരു പരാതി സ്വീകരിക്കുക ... പ്രവൃത്തികൾ 18:14" (ആംണ്ട് ആന്റ് ജിംജ്റിച്ച്, 65). [10]പെരുകുക (ഗ്രീക്ക്.: *എപിസൊറേയുവോ*) – "കൂട്ടിവെക്കുക, കൂമ്പാരം കൂട്ടുക, ... അസംഖ്യം ഉപദേഷ്ടാക്കന്മാരെ തങ്ങൾക്കായിത്തന്നെ പെരുക്കുന്നു, 2 തിമൊ. 4:3" (തേയർ, 244).

[11]റൊണാൾഡ് ഏ. വാർഡ്, *ഏ കമെന്ററി ഓൺ 1 ആന്റ് 2 തിമൊഥി & ടൈറ്റസ്* (വാക്കോ, ടെക്സ്.: വേഡ് ബുക്സ്, 1974), 207. [12]"കസേരകളി" എന്നതു കുട്ടികളുടെ ഒരു പാർട്ടിഗെയിമാണ് അതിൽ കുട്ടികൾ ഒരു നിര കസേരക്കു ചുറ്റും പാട്ടു കേൾക്കുമ്പോൾ മാർച്ച് ചെയ്യുന്നു. പാട്ടു നില്ക്കുമ്പോൾ, കുട്ടികൾ എല്ലാവരും ധൃതിയിൽ ഇരിക്കുവാൻ തുടങ്ങും. ആർക്കെങ്കിലും കസേര കിട്ടാതെ നില്ക്കേണ്ടി വന്നാൽ അവർ ഗെയിമിൽ നിന്നു പുറത്താകും. സ്ഥാനമാറ്റത്തിനു ഉപയോഗിക്കുന്ന വാക്കാണ് "കസേര കളി" എന്നത്. [13]കർണ്ണരസം (ഗ്രീക്ക്.: *നേതോ*) – ഇവിടെ മദ്ധ്യശബ്ദം ആഗ്രഹത്തെ എടുത്തു കാണിക്കുന്നു. *അവരുടേതായ ചെവികൾക്ക്* ഇമ്പകരമാകുന്ന രീതിയിൽ അവർ അത് ഒരുക്കുന്നു. *അതു അങ്ങേയറ്റം സ്വാർത്ഥതയാണ്! നേത്തോ*യുടെ അർത്ഥം "ചൊറിയുക, മാന്തുക, കടിക്കുക ... സുഖകരമായ എന്തെങ്കിലും കേൾക്കുവാനുള്ള താല്പര്യം ... 2 തിമൊ. 4:3" (തേയർ, 351); "[ആലങ്കാരികമായി,] ആകാംക്ഷയുള്ള, എരിവുള്ള വാർത്ത കേൾക്കുവാനുള്ള താല്പര്യം. ഈ ഇമ്പം പുതിയ സന്ദേശകരിൽ നിന്നു കേൾക്കുന്നതു അവർ ആഗ്രഹിക്കുന്നു" (ആംണ്ട് ആന്റ് ജിംജ്റിച്ച്, 438). [14]അകന്നു പോകുക (ഗ്രീക്ക്.: *എപോസ്ട്രേഫോ*) – "ആരിൽ നിന്നെങ്കിലും എന്തെങ്കിലും നീക്കം ചെയ്യുക, റോ. 11:26 ... വെറുതെ, ആരുടെയെങ്കിലും ബന്ധത്തിൽ നിന്നു ഒരാൾ അകലുന്നത്, കൂറു മാറുവാൻ പരീക്ഷിക്കപ്പെടുക ... ലൂക്കൊ. 23:14 ... തിത്തൊ. 1:14; അകലുന്ന അർത്ഥത്തിൽ ... 2 തിമൊ. 1:5" (തേയർ, 68). [15]തിരിയുക (ഗ്രീക്ക്.: *എസോൺറ്റായി*) – പുറമെയുള്ളവരാൽ അവർ അങ്ങനെ ആകുവാൻ തങ്ങളെ അനുവദിക്കുന്നു എന്നതാണ് പാസിവ് സൂചിപ്പിക്കുന്നത്. ലക്ഷ്യമില്ലാത്ത കന്നുകാലികളെ പോലെ, അവരെ വിളിക്കുന്നു, അവർ യജമാനന്റെ സന്ദേശത്തേക്കാൾ കെട്ടുകഥ കേൾപ്പാൻ തിരി

യുന്നു! *എക്ട്രേപോ എന്നതിനർത്ഥം:* "തിരിയുക അല്ലെങ്കിൽ കോട്ടുക ... സ്ഥാനം മാറി ... സ്ഥാനം മാറ്റുക ... ദൂരെ മാറുക ... 1 തിമൊ. 1:6 ... 2 തിമൊ. 4:4 ... മറ്റൊന്നിനെ പിൻപറ്റുവാൻ തിരിയൽ, 1 തിമൊ. 5:15" (തേയർ, 200). [16]കെട്ടുകഥ (ഗ്രീക്ക്.: *മൂതോസ്*) – "ഒരു ഐതിഹ്യം, ... ബുദ്ധിയോടെ മെനഞ്ഞെടുത്ത കഥകൾ, 2 പത്രൊ. 1:16 ... തിത്തൊ. 1:14 ... ലോകത്തിലെ കിഴവി കഥകൾ, 1 തി. 4:7" (ആംണ്ട് ആന്റ് ജിംജ്റിച്ച്, 530–31); "... കെട്ടുകഥ ... ഒരു കണ്ടുപിടുത്തം, തെറ്റ് ... 1 തിമൊ. 1:4; 4:7; 2 തിമൊ. 4:4; തിത്തൊ. 1:14" (തേയർ, 419). [17]നിർമ്മദൻ (ഗ്രീക്ക്.: *നെഫേ*) – ഈ വാക്യത്തിൽ ഒരു തിരഞ്ഞെടുപ്പു ഇല്ല. വിശ്വസ്തനായ സുവിശേഷകനു ഓരോ ഭാഗത്തും ചെയ്യുക തന്നെ *വേണം*. *നെഫോ* എന്നതിനർത്ഥം "നിർമ്മദൻ ... ശാന്തനും സംയമനം പാലിക്കുന്നവനും; സമചിത്തൻ, വൈകാരികമാകാത്തവൻ, ശാന്തൻ: 1 തെ. 5:6, 8; 2 തിമൊ. 4:5; 1 പത്രൊ. 1:13; 5:8" (തേയർ, 425); "... സ്വതന്ത്രനാകുക [ൽ നിന്ന്] എല്ലാ ആഗ്രഹങ്ങളിൽ നിന്നും, പരുഷഭാവത്തിൽ നിന്നും, കലക്കത്തിൽ നിന്നും, ... സമചിത്തത, ഇന്ദ്രിയ – നിയന്ത്രണം ... സ്വയം – അച്ചടക്കം പാലിക്കുക, പ്രാർത്ഥിക്കുവാൻ സഹായിക്കുക, 1 പത്രൊ. 4:7" (ആംണ്ട് ആന്റ് ജിംജ്റിച്ച്, 540). [18]സഹിക്കുക (ഗ്രീക്ക്.: *കാകോപത്തേസോൺ*) – "നിർഭാഗ്യത്തെ സഹിക്കുക ... വിഷമത്തെ ക്ഷമയോടെ നേരിടുക ... 2 തിമൊ. 4:5" (ആംണ്ട് ആന്റ് ജിംജ്റിച്ച്, 398); "... സഹിക്കുക (വഹിക്കുക) ദുഷ്ടതകൾ (വൈഷമ്യങ്ങൾ, കുഴപ്പങ്ങൾ); ഉപദ്രവിക്കപ്പെടുന്നത്: 2 തിമൊ. 2:9; യാക്കൊ. 5:13; 2 തിമൊ. 2:3" (തേയർ, 320). [19]സുവിശേഷകൻ (ഗ്രീക്ക്.: *യുവാജെലിസ്റ്റെസ്*) – "... സുവിശേഷ പ്രാസംഗികൻ, എഫെ. 4:11 ... പ്രവൃത്തികൾ 21:8 ... 2 തിമൊ. 4:5" (ആംണ്ട് ആന്റ് ജിംജ്റിച്ച്, 318). [20]വാർഡ്, 209.

[21]നിവർത്തിക്ക (ഗ്രീക്ക്.: *പ്ലേറോഫോറേസോൺ*) – "വഹിക്കുക അല്ലെങ്കിൽ പൂർത്തിയാക്കുക ... എല്ലാ നിലയിലും ശുശ്രൂഷ പൂർത്തിയാക്കുക, 2 തിമൊ. 4:5 ... മുഴുവനായും ബോധ്യമാകുക അല്ലെങ്കിൽ ഉറപ്പാകുക" (തേയർ, 517). [22]ഒഴിക്കപ്പെട്ടു (ഗ്രീക്ക്.: *സ്പെൻഡോമായി*) – ക്രിയാശൂന്യം പറയുന്നതു പൗലൊസ് ഈ പ്രവൃത്തിക്കു ഉണർത്തിയതാണ് എന്നല്ല. പുറമെ നിന്നുള്ള ഇടപെടൽ കൊണ്ടായിരുന്നു അവന്റെ പ്രവൃത്തികൾ. *സ്പേഡോ* എന്നതിനർത്ഥം "ദ്രാവകയാഗം അല്ലെങ്കിൽ പാനിയ യാഗം നൽകുക ... അപ്പൊസ്തലൻ അർപ്പിക്കപ്പെടുവാനിരിക്കുന്നു, അവന്റെ രക്തം ഒരു യാഗമായി അർപ്പിക്കുവാനിരിക്കുന്നു, 2 തി. 4:6; ഫിലി. 2:17" (ആംണ്ട് ആന്റ് ജിംജ്റിച്ച്, 769). [23]ബാർക്ക്ലേ, 240. [24]പോർ (ഗ്രീക്ക്.: *അഗോൺ*) – ഒരു "കായിക മത്സരം ... എബ്രാ. 12:1 ... പോരാട്ടം, പോർ ... സുവിശേഷത്തിനായി കഷ്ടത ഏല്ക്കൽ, ഫിലി. 1:30 അതിന്റെ സേവനത്തിൽ പോരാട്ടം ഉണ്ടാകുക ... വലിയ പിരിമുറുക്കത്തിലാകുക അല്ലെങ്കിൽ വലിയ എതിർപ്പു നേരിടുക, 1 തെസ. 2:2 ... 1 തിമൊ. 6:12; 2 തിമൊ. 4:7 ... ശ്രദ്ധ, കരുതൽ ... കൊലൊ. 2:1" (ആംണ്ട് ആന്റ് ജിംജ്റിച്ച്, 14). [25]ഒഴിക്കപ്പെട്ടു (ഗ്രീക്ക്.: *അപോകെയിതായി*) – "നീക്കം ചെയ്യുക, ശേഖരിക്കുക ... സൂക്ഷിക്കുക അല്ലെങ്കിൽ ആർക്കെങ്കിലും വേണ്ടി തീർച്ചയാക്കുക, ഒരാൾ മുൻകൂട്ടി നിർണ്ണയിച്ചു" (ആംണ്ട് ആന്റ് ജിംജ്റിച്ച്, 92). [26]നല്കുക (ഗ്രീക്ക്.: *അപോഡിഡോമി*) – "കൊടുക്കുക ... നല്കൽ ... ഒരാളുടെ കടമ മറ്റൊരാൾക്ക് നിവർത്തിപ്പാൻ കൊടുക്കുക, 1 കൊരി. 7:3 ... നല്കുക, പ്രതിഫലം, പ്രത്യുപകാരം നല്കുക ... മത്താ. 6:4, 6, 18 ... 2 തിമൊ. 4:14; റോ. 12:17 ...

1 തിമൊ. 5:4" (ആംണ്ട് ആന്റ് ജിംജ്റിച്ച്, 90); "... നൽകൽ, ഒഴിവാക്കൽ, കുടിശ്ശിക കൊടുത്തു ... തീർക്കൽ, പ്രതിഫലം, നല്ല അർത്ഥത്തിലും മോശമായ അർത്ഥത്തിലും ... റോ. 2:6; 2 തിമൊ. 4:8, 14; വെളി. 18:6; 22:12 ..." (തേയർ, 60–61). [27]നീതി (ഗ്രീക്ക്.: *ഡെക്കായിയോസ്*) – "ദൈവികവും മാനുഷികവുമായ നിയമങ്ങൾ ആചരിക്കൽ; അങ്ങനെയുള്ള ഒരാൾ ... നേരുള്ളവനാകും ... ഗുണമുള്ള, ദൈവ കല്പനകൾ പ്രമാണിക്കുന്നവൻ ... നിരപരാധി, കുറ്റമില്ലാത്ത, തെറ്റില്ലാത്ത ... മത്താ. 27:19, 24 ... യോ. 1:14 ... 1 പത്രൊ. 3:18; 1 യോ. 2:1 ... ദൈവത്തിനു യോജിച്ച ... ക്രിസ്തുവിന്റെയും, 2 തിമൊ. 4:8 ... 2 തെ. 1:5" (തേയർ, 148–49). [28]ഉത്സാഹിക്ക (ഗ്രീക്ക്.: *സ്പൗഡാസോൺ*) – "വേഗത്തിൽ, പെട്ടെന്നു ... പ്രവൃത്തികൾ 20:16 ... കഴിവതും വേഗത്തിൽ പുറപ്പെടുക ... പ്രവൃത്തികൾ 22:18 ..." (ആംണ്ട് ആന്റ് ജിംജ്റിച്ച്, 769). *സ്പൗഡോസോ*ക്കു കീഴിൽ വരുന്ന ഈ സൂചന ലെക്സിക്കൺ നല്കുന്നുണ്ട്, അവിടെയും 2 തിമൊ. 4:9, 21; തിത്തൊ. 3:12; ഗലാ. 2:10; എഫെ. 4:3; 1 തെ. 2:17; 2 തി. 2:15; മുതലായവ പറയുന്നു (ആംണ്ട് ആന്റ് ജിംജ്റിച്ച്, 771). ആജ്ഞാസ്വഭാവം ഇവിടെ ഒരു ആവശ്യം ആകാം, എന്നാൽ ആ വാക്ക് അർത്ഥമാക്കുന്നതു "തിമൊഥെയൊസേ, നീ വരണം" എന്നാണ്. [29]വേഗം (ഗ്രീക്ക്.: *റ്റാക്കെയോസ്*) – "ഉടനെ, താമസിക്കാതെ, വേഗം 2 തി. 4:9 ... 1 തിമൊ. 3:14; എബ്രാ. 13:23 ... കഴിവതും വേഗത്തിൽ ... പ്രവൃ. 17:15" (ആംണ്ട് ആന്റ് ജിംജ്റിച്ച്, 814). "വേഗം" എന്നത് "വരുവാൻ ഉത്സാഹിക്ക," എന്നതിനോടു ചേർത്തു പൗലൊസ് തിമൊഥെയൊസിനോടു പറഞ്ഞതു, "പെട്ടെന്നു!" [30]ബാർക്ലേ, 244.

[31]വില്യം ഹെൻഡ്രിക്സൺ, *ഏ കമെന്ററി ഓൺ 1 ആന്റ് 2 തിമൊഥി ആന്റ് ടൈറ്റസ്* (ലണ്ടൻ: ദ ബാനർ ഓഫ് ട്രൂത്ത് ട്രസ്റ്റ്, 1964), 320. [32]ഇബിഡ്. [33]ഉപയോഗം ഉള്ളവൻ (ഗ്രീക്ക്.: *യൂക്രെസ്റ്റോസ്*) – "ഉപയോഗിക്കുവാൻ എളുപ്പം, ഉപകാരപ്രദം, പ്രയോജനകരം, 2 തിമൊ. 2:21; 4:11; ഫിലെ. 11" (റോബിൻസൺ, 309). [34]ആശ്വാസം (ഗ്രീക്ക്.: *പാരാക്ലെസിസ്*) – "കേണപേക്ഷിക്കൽ, യാചന, അഭ്യർത്ഥന, 2 കൊരി. 8:4 ... പ്രബോധനം, ആത്മികവർദ്ധന, പ്രോത്സാഹനം; പ്രവൃത്തികൾ 15:31 ... 1 കൊരി. 14:3; 2 കൊരി. 8:17; ഫിലി. 2:1; 1 തിമൊ. 4:13; എബ്രാ. 12:5 ... 13:22 ... ആശ്വാസം, ആശ്വസിപ്പിക്കൽ, സമാധാനിപ്പിക്കൽ: 2 കൊരി. 1:4–7 ... പ്രേരിപ്പിക്കുന്ന പ്രഭാഷണം, ജ്വലിപ്പിക്കുന്ന പ്രസംഗം ... ശക്തമായ ഉത്തേജകപ്രസംഗം: റോ. 12:8 ... പ്രവൃത്തികൾ 18:15 ... വരം ലഭിച്ച ഉപദേശകൻ, ഭൗതിക വർദ്ധനവരുത്തൽ, ആശ്വസിപ്പിക്കൽ, പ്രവൃത്തികൾ 4:36 ... 1 തെ. 2:3" (തേയർ, 483). [35]പുസ്തകം (ഗ്രീക്ക്.: *ബിബ്ളിയോൺ*) – "ഒരു ചെറിയ പുസ്തകം ... ലൂക്കൊ. 4:17, 20; യോഹ. 20:30; ഗലാ. 3:10; 2 തിമൊ. 4:13 ... എഴുതപ്പെട്ട പ്രമാണം ... മത്താ. 19:7 ... ദൈവം നിത്യരക്ഷക്കായി നിയമിച്ചിരിക്കുന്നവരുടെ പേരുള്ള പുസ്തകം: വെളി. 13:8 ... 17:8; 20:12; 21:27" (തേയർ, 101–2). [36]ചർമ്മലിഖിതം (ഗ്രീക്ക്.: *മെബ്രാനാ*) – "ഒരു ചർമ്മം, തോൽ, ചർമ്മ – ലിഖിതം, 2 തിമൊ. 4:13" (റോബിൻസൺ, 450). [37]ബാർക്ലേ, 252. [38]ഈ അലെക്സന്തർ ആരായിരുന്നുവെന്നു, വില്യം ഹെൻഡ്രിക്സൺ താഴെ കൊടുത്തിരിക്കുന്നതു പറയുന്നു: "ഇന്നു ബ്രൗൺ, ജോൺസ്, അല്ലെങ്കിൽ സ്മിത്ത് എന്നറിയപ്പെടുന്നതുപോലെ അന്നു അറിയപ്പെട്ടിരുന്ന ഒരു സാധാരണ പേരായിരുന്നു അവന്റേത് (മർക്കൊസ് 15:21; പ്രവൃത്തികൾ 4:6; 19:33, 34; 1 തിമൊ. 1:19, 20; II തിമൊ. 4:14, ഒരു പക്ഷെ അഞ്ചു വ്യത്യസ്തരായ അലെക്സന്തർമാരുണ്ടായിരുന്നു). സന്ദർഭത്തിൽ നിന്നു

മനസിലാകുന്നത് *ഈ* അലെക്സന്തർ റോമാക്കാരനായിരുന്നു എന്നാണ്; കാരണം പൗലൊസ് അപ്പോൾ റോമിലായിരുന്നു, അതുകൊണ്ട് അവൻ പൗലൊസിനോടു എതിർത്തിരുന്നു. ആ സൂചന ശരിയാണെങ്കിൽ, അവൻ 1 തിമൊ. 1:20-ലോ പ്രവൃത്തികൾ 19:33, 34 ലോ സൂചിപ്പിച്ചിരിക്കുന്ന അലെക്സന്തരല്ല, കാരണം ആ അലെക്സന്തർ എഫേസ്യ മേഖലയിലുള്ളവനായിരുന്നു" (ഹെൻഡ്രിക്സൺ, 324). [39]ചെയ്തു (ഗ്രീക്ക്.: *എനേഡെയിസാറ്റോ*) – "കാണിക്കുക, പ്രദർശിപ്പിക്കുക, തെളിയിക്കുക, വാദത്താലോ അല്ലെങ്കിൽ പ്രവൃത്തിയാലോ: ... റോ. 9:22 ... എഫെ. 2:7 ... തിത്തൊ. 2:10; 3:2; എബ്രാ. 6:11 ... 1 തിമൊ. 1:16 ... വെളിവാകുക, വെളിപ്പെടുത്തുക ... 2 തിമൊ. 4:14; ഉല്പ. 1:15, 17" (തേയർ, 213). [40]ഉപദ്രവം (ഗ്രീക്ക്.: *കാക്കോസ്*) – "... മോശമായ ... മോശമായ സ്വഭാവം ... ചിന്തയുടെ ഭാഗം, തോന്നൽ, പ്രവൃത്തിക്കൽ; അടിസ്ഥാനം, തെറ്റ്, ദുഷ്ടത ... മത്താ. 21:41 ... ഫിലി. 3:2; വെളി. 2:2 ... കൊലൊ. 3:5 ... ദുഷ്ടത, ... നിയമത്തിനു വിരുദ്ധമായതു ... റോ. 1:30; 1 കൊരി. 10:6; 1 തിമൊ. 6:10 ... കുഴപ്പമുള്ള, മുറിപ്പെടുത്തുന്ന, ഉപദ്രവകരമായ, നാശകരമായ ... തിത്തൊ. 1:12" (തേയർ, 320).

[41]ഹെൻഡ്രിക്സൺ, 325. [42]ശക്തിപ്പെടുത്തുക (ഗ്രീക്ക്.: *എൻഡുനാമൂ*) – "... ശക്തിപ്പെടുത്തുക, ശക്തിയോടെ സഹിക്കുക ... ഫിലി. 4:13; 1 തിമൊ. 1:12; 2 തിമൊ. 4:17 ... എതിർപ്പില്ലാതെ, ശക്തി സംഭരിക്കുക ... ശക്തി വർദ്ധിപ്പിക്കുക: പ്രവൃത്തികൾ 9:22 ... 2 തിമൊ. 2:1 ... കർത്താവിനോടുകൂടെ യോജിക്കൽ, എഫെ. 6:10" (തേയർ, 214). [43]പൗലൊസിന്റെ ഈ വാക്യങ്ങളിലെ വിവരണങ്ങളുമായി വില്യം ബാർക്ലേ സങ്കീർത്തനങ്ങൾ 22 താരതമ്യം ചെയ്യുന്നുണ്ട്: "ഈ വേദഭാഗത്തിലെ ആകാംക്ഷയുണർത്തുന്ന ഒന്ന് സങ്കീർത്തനങ്ങൾ 22 ലെ സ്മരണയാണ്. 'നീ എന്നെ കൈവി ട്ടത് എന്ത്?' 'എല്ലാവരും എന്നെ കൈവിട്ടു.' 'എന്റെ തുണയ്ക്ക് ആരുമില്ല.' 'സിംഹത്തിന്റെ വായിൽ നിന്നു രക്ഷിപ്പാൻ.' 'ആരും എന്നോടൊപ്പം ഉണ്ടായിരുന്നില്ല.' 'സിംഹത്തിന്റെ വായിൽ നിന്നു രക്ഷ പ്രാപിച്ചു.' 'സകല ഭൂമിയും കർത്താവിലേക്കു തിരിഞ്ഞു.' 'സകല ജാതികളും കേൾപ്പാനും.' 'രാജ്യം കർത്താവിനുള്ളത്.' 'അവന്റെ സ്വർഗ്ഗീയ രാജ്യത്തിനായി എന്നെ രക്ഷിക്കും.' പൗലൊസിന്റെ മനസിൽ സങ്കീർത്തനങ്ങളിലെ ഈ വാക്കുകൾ കടന്നുപോയെന്നു തീർച്ച. യേശു ക്രൂശിൽ തൂങ്ങി കിടന്നപ്പോൾ അവന്റെ മനസിലും ഈ സങ്കീർത്തനമായിരുന്നു ഉണ്ടായിരുന്നതു എന്നതു ചിന്തനീയമാണ്, ആ സങ്കീർത്തനം തുടങ്ങുന്നതു ഇങ്ങനെയാണ്: 'എന്റെ ദൈവമേ, എന്റെ ദൈവമേ, നീ എന്നെ കൈ വിട്ടതെന്ത്?' അതു വിജയത്തിലെത്തുകയും ചെയ്യുന്നു (സങ്കീർത്തനങ്ങൾ 22:1; മത്തായി 27:46). പൗലൊസ് മരണത്തെ അഭിമുഖീകരിക്കുമ്പോൾ, അവന്റെ കർത്താവു ചെയ്തതുപോലെ അവൻ ആശ്വാസവും ഉത്തേജനവും കണ്ടെത്തിയതു അതേ സങ്കീർത്തനത്തിൽ നിന്നാണ്" (ബാർക്ക്ലേ, 253-54). [44]2 തിമൊഥെയൊസ് 1:16-18 ലെ ഒനേസിഫോരെസിനെ കുറിച്ചുള്ള കുറിപ്പുകൾ "1, 2 തിമൊഥി & ടൈറ്റസ്" എന്ന പരമ്പരയിൽ ഉള്ളതു പുനരവലോകനം ചെയ്യുക. [45]ഹെൻഡ്രിക്സൺ, 333. [46]ഐറേനിയസ് *എഗെൻസ്റ്റ് ഹെരെസിസ്* 3.3.3; യുസേബിയസ് *എക്ലേസിയാസ്റ്റിക്കൽ ഹിസ്റ്ററി* 3.4. [47]ഹെൻഡ്രിക്സൺ, 333. [48]ആൽബെർട്ട് ബാർനെസ്, *നോട്ട്സ് ഓൺ ദ എപിസൽസ് ഓഫ് പോൾ ടു ദ തെസലൊനിയൻസ്, ടു തിമൊഥി, ടു ടൈറ്റസ് ആന്റ് ടു ഫിലേമോൻ* (ന്യൂയോർക്ക്: ഹാർപ്പർ ആന്റ് ബ്രദേഴ്സ്, 1845), 237. [49]ബാർക്ക്ലേ, 219-20.